# നമ്മെ സ്നേഹിച്ച പ്രവാചകൻ

മഹാനായ റസൂൽ(സ)യെ സ്നേഹിക്കൽ ഓരോ വിശ്വാസി യുടെയും നിർബന്ധ ബാധ്യതയാണല്ലോ. ആ സ്നേഹമില്ലാതെ ഈമാനില്ല. ഇക്കാര്യം അവിടുന്ന് തന്നെ പറയുന്നത് നോക്കൂ:ലാ ഈമാന ലിമൻ ലാ മഹബ്ബത്ത ലഹു

“അറിയുക, സ്നേഹമില്ലാതെ ഈമാൻ ഇല്ല.”

വെറുതെ തന്നെ സ്നേഹിക്കണമെന്നല്ല അവിടുന്ന് പറഞ്ഞത്. അതിലേറെ സ്നേഹം നമുക്ക് വാരിക്കോരി നൽകിയതിന്ന് ശേഷമാണ് അവിടുന്ന് നമ്മോട് സ്നേഹം ആവശ്യപ്പെടുന്നത്. സൂറത്തുതൗബയിൽ അല്ലാഹു തിരു നബി(സ)യെ വിശേഷിപ്പിക്കുന്നത് നോക്കൂ:

لقد جاءكم رسول من أنفسكم عزيز عليه ما عنتم
حريص عليكم بالمؤمنين رؤوف الرحيم

“നിശ്ചയം നിങ്ങളുടെ കൂട്ടത്തിൽ നിന്ന് തന്നെ ഒരു റസൂൽ നിങ്ങളിലേക്ക് വന്നിരിക്കുന്നു. നിങ്ങൾ വല്ല വിഷമത്തിലും അകപ്പെടുന്നതിൽ വളരേയധികം പ്രയാസമുള്ളവരാണ് അവർ.

നിങ്ങൾ ഓരോരുത്തരും ഈമാനിലാവാൻ അതിയായി ആഗ്രഹിക്കുന്നവരാണവർ. വല്ലാതെ കരുണയും അനുകമ്പയുമുള്ളവരും"(തൗബ)

ഈ ആയത്ത് മാത്രം മതി തിരു നബി(സ) തങ്ങൾക്ക് നമ്മോടുള്ള അധമ്യമായ സ്നേഹം മന സ്സിലാക്കാൻ. ഇക്കാര്യം ഒന്നുകൂടി വ്യക്തമായി സൂറത്തുൽ കഹ്ഫിൽ അല്ലാഹു വിശദീകരിക്കുന്നതു കാണാം:

لعلك باخع نفسك على آثارهم ان لم يؤمنوا بهذا الحديث اسفا

"അവർ വിശ്വസിക്കാത്തതിൽ മനം നൊന്ത് അങ്ങ് ആത്മ ഹുതിക്ക് പോലും തയ്യാറായേ ക്കാം."(അൽകഹ്ഫ്)

തന്റെ ശരീരത്തിന് പ്രയാസം നേരിട്ടാൽ പോലും സമുദായത്തിന് ഇഹപരവിജയം നേടിക്കൊടുക്കണമെന്ന അതിയായ അഭിലാഷവും അതിന് നേരിയ തോതിൽ കോട്ടം തട്ടുന്നു എന്നറിയുമ്പോഴുള്ള അവിടുത്തെ അതിയായ ദുഃഖവും ഈ ഖുർആൻ വചനം വ്യക്തമായി വെളിപ്പെടു ത്തുന്നു.

ജന്മ നാടായ മക്കയിൽ നിന്ന്, ഏതൊരു സമൂഹത്തിന്റെ രക്ഷ ക്ക് വേണ്ടി അവിടുന്ന് യത്നിച്ചുവോ അവരിൽ നിന്ന് തന്നെ ഉണ്ടായ കൈപ്പേറിയ അനുഭവങ്ങൾ ചരിത്രത്താളുകളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് കാണാം. സഹിക്കവയ്യാതായപ്പോൾ ത്വാഇഫിലേക്ക് പോയി അമ്മാവന്മാരെ സമീപിച്ചതും അതിനേക്കാൾ ക്രൂരമായ അനുഭവം ഏറ്റുവാങ്ങേണ്ടി വന്നതും നമുക്കറിയാം. ഭ്രാന്തന്മാരെയും കുട്ടികളെയും പറഞ്ഞു വിട്ട് പ്രവാചകരെ കല്ലെറിയുകയും കൂക്കി വിളിക്കുകയും, ചെയ്തപ്പോൾ അവരോട് സഹിക്കാനും പൊറുക്കാനും തോന്നിയ ആ വിശാല ഹൃദയത്തെക്കുറിച്ച് ഒന്ന് ആലോചിച്ചു നോക്കൂ.. കാലിൽ കല്ലേറ് കൊണ്ട് മുറിവ് പറ്റിയതും അതു കണ്ട് ആർത്ത് ചിരിക്കുന്ന ശത്രു വ്യൂഹത്തെയും ഒരു നിമിഷം സങ്കൽപ്പിച്ചു നോക്കൂ.. വ്യക്തിപരമായ താത്പര്യത്തിന്

വേണ്ടിയായിരുന്നില്ലല്ലോ അവിടുത്തേക്ക് പീഢനങ്ങളേൽക്കേണ്ടി വന്നത്. ശാശ്വത വിജയത്തിലേക്ക് അവരെ നയിക്കാനും പരാജ യത്തിന്റെ പടുകുഴിയിൽ നിന്ന് അവരെ സംരക്ഷി ക്കാനുമാണല്ലോ അവിടുന്ന് വന്നത്.

തന്നെ അക്രമിച്ച ജനതക്ക് മീതെ അവിടെയുണ്ടായിരുന്ന പർവതം മറിച്ചിടാൻ സമ്മതം ചോദിച്ച ജിബ്രീൽ(അ)നോട് നബി തിരുമേനി(സ) പ്രതിവചിച്ചത് എന്തായിരുന്നു? സർവ്വ ലോകങ്ങളും സൃഷ്ടിക്കാൻ കാരണക്കാരനായ തിരുമേനി(സ)യെ മനസ്സിലാക്കാതെ അല്ലെങ്കിൽ മനസ്സിലാക്കാൻ ശ്രമിക്കുക കൂടി ചെയ്യാതെയായിരുന്നു അവരുടെ ഈ പ്രവർത്തനങ്ങൾ. അതായത് ഈ ശത്രുക്കളും, അവിടുത്തെ ശരീരത്തിൽ വന്ന് പതിച്ച കല്ലുകളും സൃഷ്ടിക്കപ്പെട്ടത് അവിടുത്തേക്ക് വേണ്ടിയായിരുന്നുവല്ലോ. ഇതെല്ലാം അറിയുന്ന തിരുമേനി(സ)യുടെ മനസിൽ ഒരിക്കലും ആ ജനതയോട് ആത്യന്തികമായ വെറുപ്പോ അവരെ പാഠം പഠിപ്പിക്കണമെന്ന വിചാരമോ അന്ന് ഉണ്ടായില്ല. ഈ ശത്രുത കാരണം പരലോകത്ത് അവർ അനുഭവിക്കേണ്ടി വരുന്ന ശാശ്വത ശിക്ഷയെക്കുറിച്ച് ഓർത്ത്, അവരിലാരെങ്കിലും ഒരാൾ വിശ്വാസിയായെങ്കിലോ എന്ന് പ്രത്യാശിച്ച് അവരോട് പൊറുക്കുകയും അവർക്കായി അല്ലാഹുവിനോട് പ്രാർത്ഥിക്കു കയുമാണ് ചെയ്തത്.

തിരുമേനി(സ) ജീവിതത്തിൽ ഒരിക്കലും ദേഷ്യപ്പെട്ടിട്ടില്ല എന്നല്ല നാം പറയുന്നത്. സമ്മതം കിട്ടിയ ശേഷം അല്ലാഹു വിന്റെയും അവന്റെ ദീനിന്റെയും വിഷയത്തിൽ പലപ്പോഴായി ദേഷ്യം പിടിച്ചിട്ടുണ്ടെന്നത് ശരിയാണ്. ഇസ്‌ലാമിക ചരിത്രത്തിലെ യുദ്ധങ്ങൾ പ്രസിദ്ധമാണല്ലോ.. പ്രവാചക തിരുമേനി(സ) നേരിട്ട് പങ്കെടുത്തയുദ്ധങ്ങൾ തന്നെ ഇരുപത്തി ഏഴെണ്ണമുണ്ട്. ആ തൃക്കരം കൊണ്ട ഒരു ശത്രുവിനെ വെട്ടിക്കൊലപ്പെടുത്തുക പോലും ചെയ്തി ട്ടില്ല. എന്നാൽ ഇതൊക്കെ തന്നെയും യഥാർത്ഥത്തിൽ അവരോ

ടുള്ള കരുണ കാരണത്താൽ തന്നെയായിരുന്നു. കാരണം ഇസ്ലാമാണ് യഥാർത്ഥ മതമെന്ന് ജനങ്ങളോട് ഒരിക്കൽ അറിയിച്ചാൽ തന്നെ തിരുമേനി(സ)യുടെ ദൗത്യം പൂർത്തിയായല്ലോ വീണ്ടും വീണ്ടും പ്രചാരണത്തിന് ഇറങ്ങിയതും ശാരീരികവും മാനസികവുമായ ധാരാളം പീഢനങ്ങൾ ഏറ്റുവാങ്ങിയതും എങ്ങനെയെങ്കിലും ഇവർ ഓരോരുത്തരും രക്ഷപ്പെടണമെന്ന ആഗ്രഹം കൊണ്ടാണല്ലോ ചിലരെ ഭീഷണി പ്പെടുത്തിയും ശക്തി പ്രയോഗിച്ചും ദീനിലേക്ക് കൊണ്ടു വരും അധികം വൈകാതെ അവർക്ക് കാര്യം ബോധ്യപ്പെടും. പിന്നീട് യഥാർത്ഥ വിശ്വാ സികളായി മാറും.

ഉദാഹരണത്തിന്, വറ്റി വരളാറായ ഒരു കുളത്തിൽ കിടന്ന് പ്രയാസപ്പെടുന്ന മീനുകളെ ധാരാളം വെള്ളമുള്ള പുഴയിലേക്ക് കൊ ണ്ടുപോയി ഇടാൻ ഉദ്ദേശിച്ച ഒരു സന്മനസ്സുകാരന് ആ മീനുകളെ പിടിക്കാൻ എത്ര പ്രയാസപ്പെടേണ്ടി വരുന്നു. ചില മീനുകൾ കുതറി മാറി ഒളിക്കുന്നു.ചിലത് ഇവനെ കുത്തി പരിക്കേൽപ്പിക്കുക പോലും ചെയ്യുന്നു. ഇവൻ തന്റെ രക്ഷകനാണ് എന്ന് അവൻ അറിയുന്നില്ല. എന്നാൽ അവയെ ശക്തി പ്രയോഗിച്ചും വേദനിപ്പിച്ചും ഇവന് പിടിക്കേണ്ടി വരുന്നു. അങ്ങനെ അവയുടെ ശാശ്വത രക്ഷക്ക് വഴിയൊരുക്കുന്നു. ചില മത്സ്യങ്ങൾക്ക് മുറിവേൽക്കുക കൂടി ചെയ്യും. പക്ഷെ വരാനിരിക്കുന്ന അപകടം ശരിക്കും മനസിലാക്കിയ അയാൾ അവയെ ശാശ്വത വിജയത്തിലേക്കെത്തിക്കുന്നതിനിടയിൽ സംഭവിച്ച വേദനക ളെല്ലാം ആപേക്ഷികമായി ചെറുത് തന്നെ.

“തീയിലേക്ക് വരുന്ന ഈയാം പാറ്റകളെ പോലെ നിങ്ങൾ നരകത്തിലേക്ക് പാഞ്ഞടുക്കുകയാണ്. ഞാൻ നിങ്ങളുടെ ഊരയിൽ പിടിച്ച് നിർത്തുകയാണ്''(ബുഖാരി) ഈ ഹദീസ് തിരുമേനി(സ)യുടെ മഹത്തായ സ്നേഹത്തിലേക്ക് വിരൽ ചൂണ്ടുന്നു. മാത്രമല്ല ഒരു ഹദീസിൽ കാണാം:

وغمى لأجل أمتى وشوقى الى ربى عزوجل

"എന്റെ കാര്യമായ പരിഭവം എന്റെ സമുദായത്തിന്റെ കാര്യത്തി ലാണ്. എന്റെ ആഗ്രഹം എന്റെ മഹോന്നതനായ റബ്ബിനെ കാണലാണ്." (ശിഫാ1-86) അവിടുത്തെ പ്രധാന ചിന്ത തന്നെ നാം ആണെന്ന് ചുരുക്കം.

ജനനസമയത്തു തന്നെ സുജൂദിൽ കിടന്നു കൊണ്ട് സംസാരിച്ച കൂട്ടത്തിൽ ഉമ്മത്തിന്റെ കാര്യം പറഞ്ഞതായി സബഇയ്യാത്ത് (പേജ് 49) ൽ കാണാം. ഉർദു കവി പറഞ്ഞ പോലെ

"റബ്ബി ഹബ് ലീ ഉമ്മത്തീ കഹ്ത്തേഹുയേ, പൈദാഹുയേ
ഹഖ്നെ ഫർമായാ കെ ബഖ്ശാ അസ്സലാത്തു വസ്സലാം"

റബ്ബേ, എന്റെ ഉമ്മത്തിനെ എനിക്കുതാ എന്നു ചോദിച്ചു കൊണ്ട് തിരുമേനി(സ) പിറന്നു വീണു. അല്ലാഹു പ്രത്യുത്തരം നൽകി. അതെ ഞാൻ നൽകിയിരിക്കുന്നു.

മക്കാ നിവാസികളിൽ നിന്നും ത്വാഇഫുകാരിൽ നിന്നും ഏറ്റ പീഢനങ്ങളുടെ വിഷമങ്ങൾ വിട്ടു മാറും മുമ്പേ അവിടുത്തേക്ക് താങ്ങും തണലുമായിരുന്ന ശത്രുക്കൾക്കൊരു മറയായിരുന്ന പ്രിയപ്പെട്ട പിതൃവ്യൻ അബൂത്വാലിബും പ്രിയപത്നി ഖദീജാ ബീവി(റ)യും ഒരേ വർഷത്തിൽ ഇഹലോകവാസം വെടിയു കയുണ്ടായി. അത് ശത്രുക്കൾക്ക് നല്ലൊരു അവസരമായി. അങ്ങനെയിരിക്കെ മിഅ്റാജിന്റെ രാത്രിയിൽ അല്ലാഹു അവന്റെ ഹബീബിനെ തന്റെ സമീപത്തേക്ക് കൊണ്ടു വന്നു. അനിർവചനീയ അനുഭൂതിയിൽ അല്ലാഹുവിനെ ദർശിക്കാനുള്ള അവസരം നൽകി. അത്തഹിയ്യാത്തുൽ മുബാറകാത്തുസ്സലവാത്തുത്ത്വയ്യിബാത്തു ലില്ലാഹ് (എല്ലാ നല്ല തൃക്കാഴ്ചകളും ഗുണങ്ങളും അഭിവാദ്യങ്ങളും അല്ലാഹുവിനാകുന്നു) എന്ന് അല്ലാഹുവിന് സലാം പറഞ്ഞ് കൊണ്ട് ആ തിരു സന്നിധിയിലേക്ക് കേറിച്ചെന്നു. അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് മറുപടി വന്നു. അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാത്തുഹു. ( ഓ നബിയേ, അങ്ങേക്ക് രക്ഷയും അല്ലാഹുവിന്റെ കരാണാ കടാക്ഷവും സൗഭാഗ്യങ്ങളും

ഉണ്ടാവട്ടെ) വിവരണാതീതമായ ആഹ്ലാദത്തിന്റെ ഉത്തുംഗതയിൽ വിരാചിക്കുമ്പോൾ പരിശുദ്ധ ഹബീബ് നമ്മെ മറന്നില്ല. അവിടുന്ന് പറഞ്ഞു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാ ഹിസ്വാലിഹീൻ (എനിക്ക് മാത്രമല്ല എനിക്കും അല്ലാഹുവിന്റെ സൽവൃത്തരായ മുഴുവൻ അടിമകൾക്കും രക്ഷയുണ്ടാവട്ടെ) എന്ന്. നോക്കൂ ഈ ഹബീബിനെ നമുക്ക് മറക്കാൻ സാധിക്കുമോ?

തിരുമേനി(സ)യുടെ വഫാത്ത് അടുത്ത നേരം. ബഹുമാനപ്പെട്ട അസ്റാഈൽ (അ) കടന്ന് വരുന്നു. നിങ്ങൾ സന്ദർശി ക്കാനാണോ അതോ റൂഹ് പിടിക്കാനാണോ വന്നത്? തിരുമേനി (സ) ചോദിച്ചു. രണ്ട് ഉദ്യേശ്യവുമുണ്ടെന്നും അവിടുന്ന് സമ്മതിച്ചാലേ റൂഹ് പിടിക്കൂ എന്നും മലക്ക് അറിയിക്കുന്നു. തന്റെ സ്നേഹിതൻ ജിബ്രീൽ(അ) വരുന്നതു വരെ കാത്തിരിക്കണമെന്നായിരുന്നു പ്രവാചകരുടെ പ്രത്യുത്തരം. അങ്ങനെ ജിബ്രീൽ(അ) വന്നു. തിരുമേനി(സ) ചോദിച്ചു: ഓ ജിബ്രാൽ, എനിക്ക് യാത്ര പോകാനായിട്ടുണ്ട്. അല്ലാഹുവിന്റെ പക്കൽ എനിക്ക് എന്തൊക്കെയുണ്ടെന്ന് അറിയിച്ച് തരൂ. ഉടനെ ജിബ്രീൽ(അ) പറഞ്ഞു: നബിയേ, അങ്ങയുടെ പരിശുദ്ധമായ റൂഹിനെ പ്രതീക്ഷിച്ച് ആകാശ കവാടങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു. അങ്ങയെ വരവേൽക്കാൻ വാനലോ കത്ത് മലക്കുകൾ ഒന്നടങ്കം വരിവരിയായി എഴുന്നേറ്റ് നിന്നിരിക്കുന്നു.തിരുമേനി(സ) പറഞ്ഞു: അൽഹംദുലില്ലാഹ്. ഇനിയും നല്ല വാർത്തകൾ പറയൂ. ജിബ്രീൽ(അ) തുടർന്നു: സ്വർഗ്ഗ കവാടങ്ങളും തുറന്നിരിക്കുന്നു. സ്വർഗ്ഗീയ ഹൂറികൾ ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. തിരുമേനി(സ) പറഞ്ഞു: അല്ലാഹുവിനാണ് സർവ്വ സ്തുതിയും. പോര, ഇനിയും പറയൂ. ജിബ്രീൽ(അ) തുടർന്നു: അങ്ങയുടെ വരവറിഞ്ഞ് നരകകവാടങ്ങൾ കൊട്ടിയടക്കപ്പെട്ടിരിക്കുന്നു. വീണ്ടും തിരുമേനി(സ) അല്ലാഹുവിനെ സ്തുതിച്ച് ബാക്കി പറയാൻ ആവശ്യപ്പെടുന്നു. ഹസ്രത്ത് ജിബ്രീൽ(അ) പറയുന്നു: നബിയേ, അങ്ങാണ് പരലോകത്ത് ആദ്യ

ശുപാർശകൻ. ആദ്യമായി ശുപാർശക്ക് സമ്മതം ലഭിക്കുന്നത് അങ്ങേക്കാണ്. സംതൃപ്തി യടയാതെ തിരുമേനി(സ) പിന്നെയോ എന്ന് ചോദിച്ചു. അത്ഭുതപ്പെട്ട് കൊണ്ട് ജിബ്‌രീൽ(അ) ചോദിച്ചു: അങ്ങെന്താണ് ഉദ്ദേശിക്കുന്നതെന്ന് പറയൂ നബിയേ. തിരുമേനി (സ) പറയുന്നു:

أسألك عمن يكون خليفتى على أمتى بعدى

“ എന്റെ ശേഷം എന്റെ സമുദായത്തിന്റെ കാര്യങ്ങൾ നോക്കി നടത്തുന്നത് ആരാണ്? 'കേൾക്കേണ്ട താമസം ജിബ്‌രീൽ(അ) ആകാശത്തേക്കുയരുകയും ഞൊടിയിട കൊണ്ട് തിരിച്ചു വരികയും ചെയ് ു. എന്നിട്ട് പറഞ്ഞു: പരമോന്നത നായ അല്ലാഹു താങ്കൾക്ക് സലാം പറയുന്നു. മാത്രമല്ല അങ്ങയുടെ ഉമ്മത്തിന് അവൻ തന്നെയുണ്ടാകുമെന്നും പറയുന്നു. ബഹുമാനപ്പെട്ട റസൂൽ(സ) സന്തോഷമായി. ശേഷം അസ്‌റാഈലി(അ)നെ വിളിച്ച് റൂഹ് പിടിക്കാൻ ആവശ്യപ്പെട്ടു. (തുഹ്ഫത്തുൽ വാഇളീൻ.554)

മഹതി ആഇശ(റ) പറയുന്നു: വഫാത്തിന്റെ വേളയിൽ അടുത്തുണ്ടായിരുന്ന പാത്രത്തിലെ വെള്ളത്തിൽ കൈയിട്ട് മുഖം തുടച്ച് അവിടുന്ന് പറയുകയുണ്ടായി. മരണവേദനയുടെ കാര്യത്തിൽ എന്നെ നീ സഹായിക്കണേ.. വേദന സഹിക്കുന്ന തിനിടയിൽ അവിടുന്ന് പറഞ്ഞു: ഹൊ! എന്തൊരു വേദനയാണിത്.. ഇത് കണ്ട് നോക്കി നിൽക്കാനാവാതെ ജിബ്‌രീൽ(അ) മുഖം തിരിച്ചു. തിരുമേനി(സ) പറഞ്ഞു: “അല്ലാഹുവെ, ഞാൻ ഈ അനുഭവിക്കേ എന്റെ ഉമ്മത്തും അനുഭവിക്കേണ്ടി വരുമെങ്കിൽ ഈ വേദന എനിക്ക് കൂട്ടിത്തരികയും എന്റെ സമുദായത്തിന് അത് ലഘുവാക്കിക്കൊടുക്കുകയും ചെയ്യണേ. നിശ്ചയം നീ എല്ലാത്തിനും കഴിവുള്ളവനാണല്ലോ.” ഇതു പറഞ്ഞ് അവിടുന്ന് കണ്ണുകൾ ആകാശത്തേക്കുയർത്തുന്നു. ആയത്തുൽ കുർസിയും ഇഖ്‌ലാസ്വും ഓതുന്നു. കണ്ണുകൾ കുറെ സമയം തുറന്നുപിടിക്കുന്നു. കുറെ

സമയം അടച്ചു പിടിക്കുന്നു. പിന്നീട് ആഇശ ബീവി(റ),ഫാത്തിമ(റ) എന്നിവർക്ക് സലാം പറയുന്നു. ചുറ്റുമുള്ളവരെ നോക്കിയിട്ട് മുഴുവൻ മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഖിയാമത്ത് നാൾവരെ വരാനിരിക്കുന്ന എല്ലാ മുഅ്മിനുകൾക്കും സലാം പറയുന്നു. ശേഷം പേരമക്കളായ ഹസൻ(റ),ഹുസൈൻ(റ) എന്നിവരെ നോക്കി സലാം പറയുന്നു. എല്ലാവരോടും യാത്ര ചോദിക്കുന്നു. പിന്നീട് കണ്ണുകളടക്കുന്നു. ചുണ്ട് അനക്കുന്നു. ആ തിരുചുണ്ടോട് ചെവി അടുത്ത് പിടിച്ച് എന്താണ് പറയുന്നതെന്ന് സാകൂതം ശ്രദ്ധിച്ചപ്പോൾ കേൾക്കാനിടയായത്

يا رب اغفر ذنوب أمتى

'രക്ഷിതാവേ, എന്റെ ഉമ്മത്തിന്റെ ദോഷങ്ങൾ പൊറുക്കണേ"(തുഹ്ഫത്തുൽ വാഇളീൻ)

വഫാത്തിന്റെ മുമ്പ് അവിടുന്ന് മഹതിയായ മകൾ ഫാത്വിമ(റ)യോട്: നീയായിരിക്കും നമ്മുടെ കുടുംബത്തിൽ നിന്ന് ആദ്യമായി എന്നോട് ചേരുന്ന വ്യക്തി എന്ന് പറഞ്ഞിരുന്നു. ഫാത്വിമ ബീവി(റ) ചോദിച്ചു: ഞാൻ അങ്ങയെ എവിടെ വെച്ച് കാണും. "എല്ലാവരും ഒന്നടങ്കം നിൽക്കുന്ന സ്ഥലമില്ലേ? അവിടെ കാണും." അവിടെ വെച്ച് കണ്ടില്ലെങ്കിലോ? ഫാത്വിമ ബീവി ചോദിച്ചു. എങ്കിൽ ഹൗളുൽ കൗസറിനരികിൽ കാണും. എന്റെ കൈയിൽ അൽഹംദ് എന്ന പ്രത്യേക പതാകയുണ്ടാകും. സൂര്യന്റെ ചൂടിൽ നിന്നും നരകത്തിന്റെ ചൂടിൽ നിന്നും ആ പതാക കൊണ്ടാണ് എന്റെ ഉമ്മത്തിന് ഞാൻ തണലേകുന്നത്. അവിടെയും ഞാൻ അങ്ങയെ കണ്ടില്ലെങ്കിലോ? മഹതി ചോദിച്ചു. നബിതിരുമേനി(സ) പ്രതിവചിച്ചു: മോളെ, എങ്കിൽ ഞാൻ സ്വിറാത്ത് പാലത്തിനരികെ ഉണ്ടാകും. എന്റെ വലത്തും ഇടത്തുമായി ജിബ്രീൽ (അ), മീക്കാഈൽ(അ)ഉം പിന്നിൽ മറ്റു മലക്കുകളുമുണ്ടാകും. എന്റെ സമുദായം അല്ലാഹുവിന്റെ മുന്നിൽ നിൽക്കുന്നു. അവർ ഇനി ഈ പാലം കടന്നു പോകണം. ഈ സമയത്ത് അല്ലാഹു അത്ഭുതത്തോടെ

മലക്കുകളോട് പറയും. എല്ലാ നബിമാരും വലിയ്യുകളും ശഹീദുകളും നഫ്സീ നഫ്സീ(എന്റെ കാര്യം,എന്റെ കാര്യം) എന്ന് പറഞ്ഞ് പ്രയാസപ്പെട്ട് നിൽക്കുന്ന സമയത്ത്, ഉമ്മത്തീ ഉമ്മത്തീ(എന്റെ സമുദായം, എന്റെ സമുദായം) എന്ന് പറഞ്ഞ് നടക്കുന്നത് കണ്ടില്ലേ? നബി(സ) തങ്ങൾ തുടരുന്നു: ഫാത്വിമാ, ആ സമയത്ത് നീ പ്രകാശത്താലുള്ള ഇരിപ്പിടത്തിൽ ഇരിക്കുകയായിരിക്കും. ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിക്കുന്ന ബഹുമാനപ്പെട്ട ജിബ്രീൽ(അ) വിളിച്ചു പറയും: എല്ലാവരും കണ്ണുകൾ അടക്കൂ. തലകൾ താഴ്ത്തൂ. ഹബീബായ തിരു നബി(സ)യുടെ മകൾ ഫാത്വിമ ബീവി(റ) സ്വർഗ്ഗത്തിലേക്ക് കടന്നു പോകുന്നുണ്ട് എന്ന് (തുഹ്ഫത്തുൽ വാഇളീൻ)

ഔഫ്ബ്നു മാലിക്(റ)പറയുന്നു: തിരുനബി(സ)യോട് കൂടെ ഞങ്ങൾ ഒരിടത്ത് ഇറങ്ങി. അന്ന് അവിടെ തങ്ങി. രാത്രിയിൽ ഞാൻ ഉണർന്നു. ചുറ്റുപാടും നോക്കി. എല്ലാവരും അവരവരുടെ വണ്ടികളുടെ അടുത്ത് തന്നെ ഉറങ്ങുന്നു. ഞാൻ ഹബീബായ റസൂൽ(സ) കിടന്ന ഭാഗത്തേക്ക് പോയി നോക്കി. അത്ഭുതം! അവിടെ തിരുമേനി (സ)ഉണ്ടായിരുന്നില്ല. വിരിപ്പിൽ തൊട്ട് നോക്കി. അത് തണുത്തിരിക്കുന്നു. അൽപനേരമായി കാണാതായിട്ട് എന്നു ഞാൻ അനുമാനിച്ചു. ഇന്നാലില്ലാഹി ചൊല്ലി ആളുകൾക്കിടയിലൂടെ ഞാൻ പുറത്ത് കടന്നു. അപ്പുറത്ത് ഒരാൾരൂപം കണ്ട് അവിടേക്ക് ചെന്നു നോക്കി. അത് മുആദ്ബ്നു ജബൽ(റ)വും അബൂ ഉബൈദ(റ)വും ആയിരുന്നു.

പെട്ടന്നതാ, കാറ്റടിച്ചു വീശുന്ന ശബ്ദം പോലൊരു ശബ്ദം. ഞങ്ങൾ പരസ്പരം പറഞ്ഞു: നമുക്ക് കാത്തിരിക്കാം. എന്തോ ഒരു കാര്യമുണ്ട്. നേരം വെളുത്തിട്ട് അതേക്കുറിച്ച് നബി(സ) തങ്ങളോട് ചോദിക്കാം. അങ്ങനെ നേരം വെളുത്തു. റസൂൽ(സ) അടുത്ത് വന്ന് ഞങ്ങളോട് ചോദിച്ചു: അവിടെ മുആദുബ്നു ജബലും ഔഫ്ബ്നു മാലികും ആണോ? ഞങ്ങൾ അതെ എന്ന് പറഞ്ഞു. നബി(സ)യും

കൂടെ ഞങ്ങളും കിടന്നിടത്തേക്ക് തിരിച്ചു നടക്കാൻ തുടങ്ങി. ആരും ഒന്നും മിണ്ടിയില്ല. അങ്ങനെ തിരു നബി(സ)അവിടുത്തെ വിരിപ്പിൽ ഇരുന്ന ശേഷം ഞങ്ങളോട് ചോദിച്ചു: ഈ രാത്രിയിൽ എനിക്ക് എന്റെ റബ്ബ് ഒരു ചോയ്സ്(രണ്ട് കാര്യങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കാനുള്ള അവസരം) തന്നതിനെ കുറിച്ച് നിങ്ങൾക്കറിയുമോ? അല്ലാഹുവിനും അവന്റെ റസൂലി നും അറിയാം എന്ന് ഞങ്ങൾ പ്രതിവചിച്ചു. അവിടുന്ന് പറഞ്ഞു:

فإنه خيرنى بين ان يدخل نصف أمتى فى الجنة وبين الشفاعة فأخترت الشفاعة

എന്റെ സമുദായത്തിൽ പകുതി പേരും സ്വർഗ്ഗത്തിൽ കടക്കുന്നതോ ശുപാർശക്കുള്ള അധികാരം ലഭിക്കുന്നതോ ഏതാണ് വേണ്ടതെന്ന് എന്നോട് തിരഞ്ഞെടുക്കാൻ പറഞ്ഞു. ഞാൻ ശഫാഅത്തിനെയാണ് തിരഞ്ഞെടുത്തത്. ഞങ്ങൾ പറഞ്ഞു: ഓ നബിയേ, ആ ശഫാഅത്തിൽ ഞങ്ങളെ ഉൾപ്പെടുത്താൻ അങ്ങ് ദുആ ചെയ്യൂ. അവിടുന്ന് പറഞ്ഞു: അത് എല്ലാ മുസ്‌ലിമിനുമുള്ളതാണ്. (മുസ്‌ലിം)

സൂറത്തു ളുഹായിലെ (നബിയേ അങ്ങയുടെ റബ്ബ്, അങ്ങ് തൃപ്തിപ്പെടും വരെ അങ്ങേക്ക് നൽകും.) എന്ന ആയത്ത് ഇറങ്ങിയപ്പോൾ അവിടുന്ന് പറഞ്ഞു:“എങ്കിൽ എന്റെ ഉമ്മത്തിൽ പെട്ട ഏതെങ്കിലും ഒരാൾ നരകത്തിലായിരിക്കെ ഞാൻ തൃപ്തിപ്പെടില്ല.”(തഫ്സീർ നസ ഫി,4:364)

മഹാനായ ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു: റസൂൽ(സ) പറഞ്ഞു: ഓരോ നബിമാർക്കും നാളെ പരലോകത്ത് സ്വർണ്ണ നിർമിതമായ വിശേഷ ഇരിപ്പിടങ്ങളുണ്ട്. അവരെല്ലാവരും അതിൽ നിലയുറപ്പിക്കും. എന്റെ സീറ്റ് മാത്രം ഒഴിഞ്ഞു കിടക്കും. ഞാൻ ഇരിക്കില്ല. അല്ലാഹുവിന്റെ മുന്നിൽ തന്നെ നിൽക്കും. മറ്റൊന്നുമല്ല, അല്ലാഹു എന്നെ സ്വർഗ്ഗത്തിലേക്ക് ആനയിക്കുകയും എന്റെ ഉമ്മത്ത് അവിടെ ബാക്കിയാവുകയും ചെയ്യുന്നത്

ആലോചിക്കാൻ വയ്യ. റബ്ബിന്റെ മുന്നിൽ എന്റെ ഉമ്മത്തിന്റെ കാര്യം എന്ന് പറഞ്ഞ് കൊണ്ടിരിക്കും. അല്ലാഹു ചോദിക്കും: നബിയേ, അങ്ങയുടെ ഉമ്മത്തിനെ ഞാൻ എന്ത് ചെയ്യണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്. അപ്പോൾ ഞാൻ പറയും: അവരെ പെട്ടെന്ന് വിചാരണ ചെയ്യണം. ഉടനടി അല്ലാഹു അവരെ വിളിച്ച് വിചാരണക്ക് വിധേയരാക്കും. അവരുടെ കൂട്ടത്തിൽ അല്ലാഹുവിന്റെ റഹ്മത്ത്കൊണ്ട് സ്വർഗ്ഗപ്രവേശം ലഭിക്കുന്നവരും എന്റെ ശുപാർശ കൊണ്ട് സ്വർഗത്തിൽ പ്രവേശിക്കുന്നവരുമുണ്ട്. അങ്ങനെ ഞാൻ ശുപാർശ ചെയ്തു കൊണ്ടേയിരിക്കും. നരകത്തിലേക്ക് പറഞ്ഞു വിട്ട ചിലയാളുകളെ രക്ഷപ്പെടുത്താനുള്ള രേഖകളുമായി ഞാൻ നരകം ഏൽപ്പിക്കപ്പെട്ട മാലിക്(അ)മിനെ സമീപിക്കും. അപ്പോൾ മഹാനവർകൾ പറയും: അല്ലാഹുവിന്റെ കോപത്തിന് കാലാകാലം വിധേയരാകുന്ന ഒരാളെയും അങ്ങയുടെ ഉമ്മത്തിൽ നിന്ന് അങ്ങ് അവശേഷിപ്പിച്ചിട്ടില്ല.(മുസ്തദ്റക്)

ഇങ്ങനെ ഈ സമുദായത്തിന് വേണ്ടി അഥവാ നമുക്ക് വേണ്ടി ദുൻയാവിലും ആഖിറത്തിലും ഓടി നടക്കുന്ന ഒരു നേതാവിനെ സംബന്ധിച്ച് ആലോചിച്ചു നോക്കൂ. സ്വർഗ കവാടം അവിടുന്നാണ് തുറക്കുന്നതെന്നത് നാം മറക്കരുത്. സ്വർഗം തുറന്ന് അതിൽ കയറി വിശ്രമിച്ച് സുഖസൗകര്യങ്ങൾ അനുഭവിച്ച് അടങ്ങിയിരുന്നാൽ അവിടുത്തേക്ക് ഒന്നും വരാനില്ല.ഒരു ആക്ഷേപവും ഉണ്ടാവുകയുമില്ല. പക്ഷെ അതിന് അവിടുത്തെ വിശാല മനസ്സ് അനുവദിക്കുന്നില്ല. സ്വർഗ്ഗവാസികൾക്ക് സ്വർഗം തുറന്നു കൊടുത്ത് ഉമ്മത്തിൽ നിന്ന് ബാക്കിയുള്ളവരെ ഓർത്ത് തിരിഞ്ഞു നടക്കുന്ന റസൂൽ(സ). ഹൊ!! എങ്ങനെ നാം ആ കടപ്പാട് വീട്ടും? എങ്ങനെ അവിടുത്തോടുള്ള കടമ നാം നിർവഹിക്കും? അവിടുത്തോട് നാം നന്ദിയുള്ളവരാകേണ്ടേ?

ഇനിയും നോക്കൂ, ഈ ഉമ്മത്തിന് പ്രയാസമാകുമോ എന്ന് വിചാരിച്ച് പലകാര്യവും അവിടുന്ന നിഷ്കർഷിച്ചി ല്ല.തിരുമേനി(സ)

പറഞ്ഞു: എന്റെ ഉമ്മത്തിന് പ്രയാസമാകുമെന്ന് എനിക്ക് തോന്നിയില്ലായിരുന്നുവെങ്കിൽ ഓരോ വുളൂഇന്റെയും സമയത്ത് നിർബന്ധമായും ബ്രഷ് ചെയ്യണമെന്ന് ഞാൻ കല്പിക്കുമായിരുന്നു.(ബുഖാരി)

നിങ്ങൾ ഹജ്ജ് നിർവഹിക്കണമെന്ന് അവിടുന്ന് കൽപ്പിച്ചപ്പോൾ ഒരു സ്വഹാബി വര്യൻ ചോദിച്ചു: എല്ലാ വർഷവും വേണോ? അവിടുന്ന് ഒന്നും പ്രതികരിച്ചില്ല. പിന്നീട് അവിടുന്ന് പറഞ്ഞു:

لو قلت نعم لوجبت ولما استطعـتم

ഞാനെങ്ങാനും അതെ എന്ന് പ്രതികരിച്ചിരുന്നെങ്കിൽ അത് നിർബന്ധമാകുമായിരുന്നു. അതാ ണെങ്കിൽ നിങ്ങൾക്ക് സാധിക്കുകയുമില്ല. അവിടുന്ന് തുടർന്നു:

ذرونى ما تركتم فإنما هلك من كان قبلكم بكثرة سؤالهم واختلافهم على أنبيائهم فإذا أمرتكم بشيئ فأتوا منه مااستطعتم واذانهيتكم عن شيئ فدعوه

ഞാൻ പ്രത്യേകം ഒന്നും പറയാത്തിടത്ത് നിങ്ങൾ ചോദിച്ച് ഉണ്ടാക്കരുത്. കാരണം മുൻകാലക്കാർ നശിച്ചത് തന്നെ അവർ അവരുടെ നബിമാരോട് കൂടുതൽ ചോദിച്ചുണ്ടാക്കുകയും അവരോട് വിയോജിക്കുകയും ചെയ്തതിന്റെ പേരിലാണ്. അത് കൊണ്ട് ഞാൻ വല്ലതും കൽപിച്ചാൽ കഴിവിന്റെ പരമാവധി ചെയ്യുക. വല്ലതും വിരോധിച്ചാൽ അത് പാടെ ഉപേക്ഷിക്കുക.(മുസ്ലിം)

തിരുനബി(സ)യെ വിശേഷിപ്പിച്ച് കൊണ്ട് അല്ലാഹു പറയുന്നു: സർവ്വലോകർക്കും കരുണയായിട്ടല്ലാതെ നബിയേ അങ്ങയെ നാം അയച്ചിട്ടില്ല. പരിശുദ്ധ ഖുർആ നിൽ ബഹുമാനപ്പെട്ട ഇബ്റാഹീം നബി(അ)മിനെ ഉദ്ധരിച്ച് പറഞ്ഞ ഒരു ആയത്തുണ്ട്: തന്റെ ഉമ്മത്തിനെകുറിച്ച് അല്ലാഹുവിനോട് മഹാനവർകൾ പറയുന്നു:

നീ അവരെ ശിക്ഷിക്കുകയാണെങ്കിൽ (ശിക്ഷിക്കാം.)

കാരണം അവർ നിന്റെ അടിമകൾ തന്നെ. ഇനി നീ പൊറുത്തു കൊടുക്കുകയാണെങ്കിൽ നീ മാന്യനും തന്ത്രജ്ഞനുമാണല്ലോ.

ഈ ആയത്ത് ഇറങ്ങിയ അന്നു രാത്രിപുണ്യ തിരുമേനി(സ) ഉറങ്ങാതെ നിസ്കാരത്തിലും സുജൂദിലും നീണ്ട പ്രാർത്ഥനയിലുമായി കഴിച്ചു കൂട്ടി. കരഞ്ഞു പ്രാർത്ഥിച്ചിരുന്നത് മറ്റൊന്നുമല്ല!! രക്ഷിതാവേ, എന്റെ സമുദായം, എന്റെ സമുദായം എന്നായിരുന്നു. ബഹുമാനപ്പെട്ട ജിബ്രീൽ(അ) ഇറങ്ങി വന്ന് പറഞ്ഞു: നബിയേ, അങ്ങയോട് അല്ലാഹു സലാം പറയുന്നു. മാത്രമല്ല ഉമ്മത്തിന്റെ വിഷയത്തിൽ നാം അങ്ങയെ തൃപ്തിപ്പെടുത്തും. പ്രയാസപ്പെടുത്തുകയില്ല എന്ന് അങ്ങയോട് പറയാനും അവൻ കൽപിച്ചിട്ടുണ്ട്. (റൂഹുൽ ബയാൻ)

ഇബ്നു മുൻകദിർ(റ) നിവേദനം ചെയ്യുന്നു: ജിബ്രീൽ (അ) വന്ന് നബി തിരുമേനി(സ)യോട് പറഞ്ഞു: ആകാശത്തോടും ഭൂമിയോടും പർവ്വതത്തോടും അങ്ങയെ അനുസരിക്കാൻ അല്ലാഹു പറഞ്ഞിരിക്കുന്നു. അവിടുന്ന് പ്രതിവചിച്ചു: എന്റെ സമൂഹത്തെ തൊട്ട് (അവകളെ കൊണ്ടുള്ള ശിക്ഷകളെ) ഞാൻ പിന്തിക്കാൻ ആവശ്യപ്പെടുന്നു. കാരണം അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കാനിടയുണ്ടല്ലോ. (ശിഫാ. 1:74)

ആഇശ(റ) പറയുന്നു: ഇഷ്ടമുള്ളത് ചെയ്യാമെന്ന് അവസരം നൽകിയ സമയത്തെല്ലാം അതിൽ ഏറ്റവും എളുപ്പമുള്ളതായിരുന്നു അവിടുന്ന് തെരഞ്ഞെടുത്തിരുന്നത്. (ശിഫാ. 1:74) ആ അദമ്യമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഭാഗമായി അവിടുന്ന് പ്രാർത്ഥിച്ചിട്ടുണ്ട്: ഏതെങ്കിലും ഒരാളെ ഞാൻ ശകാരിക്കുകയോ ശപിക്കുകയോ ചെയ്താൽ അത് അവർക്ക് ഗുണവും കരുണയും ആക്കണേ, അവരെ ശുദ്ധിയാക്കുന്നതും നാളെ പരലോകത്ത് വരുന്നതുമായ ഒരു ഇബാദത്താക്കി അതിനെ മാറ്റണേ. (ശിഫാ. 1:73)

ഒരിക്കൽ അല്ലാഹുവിന്റെ കൽപനയനുസരിച്ച് ജിബ്രീൽ

(അ) മസ്ജിദുന്നബവിയിൽ വെച്ച് ചെയ്ത ദുആഇന്ന് അവിടെ മിമ്പറിൽ കയറിക്കൊണ്ടിരിക്കെ ഹബീബായ റസൂൽ(സ) മൂന്ന് പ്രാവശ്യം ആമീൻ പറഞ്ഞ സംഭവം ഇവിടെ സ്മരണീയമാണ്. പരിശുദ്ധമായ റമളാൻ സമാഗതമായിട്ട് തന്റെ ദോഷങ്ങളഖിലം പൊറുക്കപ്പെട്ട അവസ്ഥയിലാകാത്തവനെയും മാതാപിതാക്കളെ നല്ലപോലെ പരിചരിക്കാതെ അവരുടെ തൃപ്തി ഏറ്റു വാങ്ങാത്തവരേയും അങ്ങയുടെ പേര് കേട്ടിട്ട് സ്വലാത്ത് ചൊല്ലാത്തവനേയും അല്ലാഹു അവന്റെ റഹ്മത്തിൽ നിന്ന് വിദൂരമാക്കട്ടെ എന്നായിരു ന്നു പ്രാർത്ഥന. ആദ്യത്തെ രണ്ടു കാര്യങ്ങൾക്കും നിസ്സങ്കോചം ആമീൻ പറഞ്ഞ നബി തിരുമേനി(സ) തന്റെ മേൽ സ്വലാത്ത് ചൊല്ലാത്തതിന്റെ പേരിൽ ഉമ്മത്ത് നരകാവകാശിയാകുന്നതിലുള്ള പ്രയാസം കാരണം ആമീൻ പറയാൻ തയ്യാറായില്ല. പിന്നീട് ആമീൻ പറയൂ നബിയേ എന്ന് ജിബ്രീൽ(അ) നിർബന്ധിച്ചപ്പോഴാണ് ആമീൻ പറഞ്ഞത്.

മുനാഫിഖുകളുടെ കാര്യത്തിൽ അവർക്ക് വേണ്ടി എഴുപത് പ്രാവശ്യം അങ്ങ് പൊറുത്ത് കൊടുക്കാൻ തേടിയാലും പൊറുക്കില്ല നബിയേ എന്ന ആയത്ത് ഇറങ്ങിയപ്പോൾ എന്നാൽ എഴുപത്തി ഒന്നാമത് കൂടി ഞാൻ ഇസ്തിഗ്ഫാർ ചെയ്യും അല്ലാഹു പൊറുത്ത് കൊടുക്കാൻ ഇടയുണ്ടെന്ന മറുപടിയിൽ എത്ര വിശാലമായ സ്നേഹമാണ് പ്രകടമാകുന്നത്. സൽവൃത്തരെന്നോ ദോഷികളെന്നോ നിഷേധികളെന്നോ നോക്കാതെ, അവർക്കിടയിൽ വ്യത്യാസം കാണിക്കാതെ ഓരോരുത്തർക്കും വേണ്ടി യോജിച്ച നിലയിൽ പ്രാർത്ഥിക്കുന്നതും പ്രവർത്തിക്കുന്നതുമാണ് നാമിവിടെ കാണുന്നത്. എല്ലാതരം ആളുകളേയും ഉൾക്കൊള്ളാൻ കഴിയുന്ന പ്രവിശാലമായ ആ തിരുമനസ്സിൽ ഒരിടം അല്ലാഹു നമുക്കും നൽകട്ടെ. ആ മഹൽ വ്യക്തിത്വത്തെ യഥാവിധം സ്നേഹിക്കുന്നവരിൽ അല്ലാഹു നമ്മെയും ഉൾപ്പെടുത്തട്ടെ. ആമീൻ.

# തൃക്കല്യാണം

മുൻകാലക്കാരുടെ പ്രാർത്ഥനകളിലും പഴയ ഗദ്യപദ്യ രചനകളിലും വളരെ പ്രാധാന്യത്തോടെ സ്ഥാനം പിടിച്ചിരുന്ന ഒന്നാണ് ഹബീബായ റസൂലുല്ലാഹ്(സ)യുടെ തൃക്കല്യാണം. സ്വർഗ്ഗത്തിൽ വെച്ച് ആർഭാട പൂർവ്വം നടക്കാനിരിക്കുന്ന ആ മംഗല്യത്തിൽ, വിവാഹ ചടങ്ങിൽ പങ്കുകൊള്ളാൻ ഞങ്ങൾക്കും വിധി നൽകണേ എന്നായിരുന്നു പ്രാർത്ഥന. നമ്മുടെ ചെറുപ്പത്തിൽ ഉമ്മമാർ ആ സംഭവം വിവരിച്ച് തരികയും ചെയ്തിരുന്നു. സത്യത്തിൽ ഒരു തൃക്കല്യാണം സ്വർഗ്ഗത്തിൽ വെച്ച് നടക്കാനുണ്ടോ? ഉമ്മഹാത്തുൽ മുഅ്മിനീൻ(മുഅ്മിനു കളുടെ ഉമ്മമാർ) എന്ന് വിശേഷിപ്പിക്കപ്പെട്ട നബിപത്നിമാർ തന്നെ സ്വർഗ്ഗത്തിലും ഉണ്ടാവില്ലേ? അങ്ങനെ ഉണ്ടെങ്കിൽ തന്നെ ആരൊക്കെയാണ് വരാനിരിക്കുന്ന ഭാര്യമാർ? ഈ വിവാഹ ചടങ്ങ് നമ്മുടെ കിതാബുകളിൽ വിവരിക്കപ്പെട്ടതാണോ? നമുക്ക് പരിശോധിക്കാം.

നബി(സ)യുടെ ഭാര്യമാരെ അഭിസംബോധന ചെയ്തു കൊണ്ട് അല്ലാഹു പറയുന്നതായി വിശുദ്ധ ഖുർആനിൽ കാണാം: “നിങ്ങളെ തിരുമേനി(സ) ത്വലാഖ് ചൊല്ലിയാൽ(വിവാഹ ബന്ധം

വേർപ്പെടുത്തിയാൽ) നിങ്ങളേക്കാൾ നല്ലവരായ ഭാര്യമാരെ അല്ലാഹു പകരം നൽകും. മുസ്ലിംകളും മുഅ്മിനുകളും നിസ്കരിക്കുന്നവരും തൗബചെയ്യുന്നവരും ആരാധനകളിൽ മുഴുകിയവരും നോമ്പെടുക്കുന്നവരുമായ വിധവകളോ കന്യ കകളോ ആയ ഭാര്യമാരെയാണ് പകരം നൽകുക." (സൂറത്തു ത്തഹ്രീം:5)

മേൽ ആയത്ത് വിശദീകരിച്ചുകൊണ്ട് വിശ്രുത ഖുർആൻ വ്യഖ്യാതാവ് അല്ലാമാ ഇബ്നു കസീർ (റ) തന്റെ തഫ്സീർ ഗ്രന്ഥ ത്തിൽ ചില ഹദീസുകൾ ഉദ്ധരിക്കുന്നത് ഇങ്ങനെ വായിക്കാം. ബുറൈദ(റ) പറയുന്നു: ആയത്തിൽ പറഞ്ഞ വിധവ എന്ന ത് കൊണ്ട് ഉദ്ദേശിക്കുന്നത് ഫിർഔന്റെ ഭാര്യയായിരുന്ന(എന്നാൽ മൂസാ നബി(അ)മിൽ വിശ്വസിച്ചതിന്റെ പേരിൽ വല്ലാതെ പീഢനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന) ആസിയാ ബീവി(റ)യും കന്യക എന്നതു കൊണ്ടുദ്ദേശിക്കുന്നത് ഇംറാന്റെ മകൾ മർയം ബീവി(റ)യുമാണ്. അവരെ രണ്ട് പേരെയും വിവാഹം ചെയ്തു തരാമെന്നാണ് ഈ ആയത്തിലൂടെ അല്ലാഹു വാഗ്ദാനം നൽകിയത്.

മഹാനായ അബൂഉമാമ(റ) റിപ്പോർട്ട് ചെയ്യുന്നു: ഒരിക്കൽ എന്നോട് തിരുമേനി(സ) പറഞ്ഞു: അബൂ ഉമാമാ, നിനക്കറിയുമോ അല്ലാഹു എനിക്ക് ഇംറാന്റെ മകൾ മർയം, ഫിർഔനിന്റെ ഭാര്യ ആസിയാ, മൂസാ നബി(അ)മിന്റെ സഹോദരി കുൽസൂം എന്നി വരെ സ്വർഗ്ഗത്തിൽവെച്ച് വിവാഹം ചെയ്തു തരും. വളരെ മംഗളമാവട്ടെ എന്ന് ഇതു കേട്ട് ഞാൻ ആശംസയർപ്പിച്ചു.(ഇബ്നു കസീർ)

താബിഈ പ്രമുഖരായ ളഹ്ഹാക്ക്(റ), മുജാഹിദ്(റ) എന്നി വരെ ഉദ്ധരിച്ച് ഹാഫിള് ഇബ്നു അസാക്കിർ(റ) പറയുന്നു: ഒരിക്കൽ ഇബ്നു ഉമർ(റ) പറഞ്ഞു: നബി(സ)യുടെ പ്രിയ പത്നി മഹതി ഖദീജ(റ) ഈ ലോകത്തോട് വിടപറയാൻ പോകുന്ന സമയം മഹാനായ ജിബ്രീൽ(അ) തിരു നബി(സ)യുടെ അടുത്ത് വന്നു പറഞ്ഞു: അല്ലാഹു മഹതിക്ക് സലാം പറയുന്നു. മാത്രമല്ല സ്വർഗ്ഗ ത്തിൽ മുത്തുകളാൽ നിർമ്മിതമായ ഒരു വീട് ആസിയാ

ബീവിയുടേയും മർയം ബീവിയുടേയും വീടുകൾക്കിടയിൽ അവർക്കുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.(ഇബ്നു കസീർ)

ആഇശ(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ നബി(സ) സന്തുഷ്ടനായി കടന്നു വന്നു. എന്നിട്ട് പറഞ്ഞു: "ആഇശാ നീ അറിഞ്ഞില്ലേ... മർയം(റ), ആസിയാ(റ), കുൽസൂം(റ) എന്നിവരെ അല്ലാഹു എനിക്ക് സ്വർഗ്ഗത്തിൽ വെച്ച് വിവാഹം ചെയ്തു തരുമെന്ന്." (സുബുലുൽ ഹുദാ, അൽ ഇഫ്സാഹ്)

ഇവരിൽ ആസിയാബീവിയും മർയംബീവിയും നബി(സ) ഈ ലോകത്തേക്ക് ഭൂജാതരാകുന്ന വേളയിൽ ഉമ്മ ആമിനാ ബീവി(റ)യെ സമാധാനിപ്പിച്ച് അവിടെ സന്നിഹിതരാ യിരുന്നുവെന്ന് ചരിത്ര ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ആ സാന്നിധ്യത്തിന് കാരണമായി പണ്ഡിതർ രേഖപ്പെടുത്തുന്നത് നടക്കാൻ പോകുന്ന വിവാഹത്തിലേക്കുള്ള സൂചനയാണെ ന്നാണ്.(സീറത്തുൽ ഹലബിയ്യ)

ഇബ്നു അബ്ബാസ്(റ) പറയുന്നു: മഹതി ഖദീജ(റ)യുടെ വഫാത്ത് അടുത്ത സമയത്ത് ഹബീബായ നബി(സ) അവിടേക്ക് കടന്ന് വന്നു. എന്നിട്ട് മഹതിയോടായി ഇങ്ങനെ പറഞ്ഞു: ഓ ഖദീജാ..നിന്റെ സഹ ഭാര്യമാരെ കണ്ടാൽ അവർക്കെന്റെ സലാം പറയണം. ഇതുകേട്ട മഹതി ചോദിച്ചു: നബിയേ, എന്റെ മുമ്പ് അങ്ങ് മറ്റാരെയെങ്കിലും വിവാഹം ചെയ്തിട്ടുണ്ടോ? അവിടുന്ന് പ്രതിവചിച്ചു: ഇല്ല. പക്ഷേ ഇംറാന്റെ മകൾ മർയം, ഫിർഔന്റെ ഭാര്യ ആസിയ, മൂസാ നബി(അ)മിന്റെ സഹോദരി കുൽസൂം എന്നിവരെ അല്ലാഹു എനിക്ക് വിവാഹം ചെയ്തു തന്നിട്ടു ണ്ട്.(തഫ്സീർ ഇബ്നു കസീർ)

ഇതേ സംഭവം മുആദ്ബ്നു ജബൽ (റ) ഉദ്ധരിക്കുന്നത് ഇങ്ങനെ വായിക്കാം: മഹതി ഖദീജ(റ) രോഗശയ്യയിൽ കിടക്കുന്ന സമയത്ത് നബി(സ) വന്നിട്ട് പറഞ്ഞു: നിനക്കു വന്നു പെട്ടതിൽ

നിനക്ക് അസംതൃപ് തിയുണ്ടോ? ഖദീജാ ഇതിൽ നിനക്കായി ധാരാളം നന്മകൾ അല്ലാഹു ഒരുക്കി വെച്ചിരിക്കുന്നു. അതു കൊണ്ട് മരണപ്പെട്ട് കഴിഞ്ഞ് എന്റെ ഭാര്യമാരുടെ അടുത്തെ ത്തിയാൽ അവരോടെന്റെ സലാം പറയണം. ഇതുകേട്ട് അത്ഭു തപ്പെട്ട ഖദീജ(റ) യോട് നബി(സ) പറഞ്ഞു: ഇംറാന്റെ മകൾ മർയം, മുസാഹിമിന്റെ മകൾ ആസിയ, മൂസാ നബിയുടെ സഹോദരി ഹലീമ(ഈ രിവായത്തിൽ ഹലീമ എന്നാണുള്ളത്) എന്നിവരാണവർ. മഹതി നബി(സ)ക്ക് "ബിർറി ഫാഇ വൽ ബനീൻ" എന്ന് മംഗളങ്ങൾ നേർന്നു.(റൂഹുൽ ബയാൻ 10:57)

നവവരനെ കണ്ടാൽ മംഗളാശംസകൾ നേരാൻ അറബികൾ സാധാരണ ഉപയോഗിച്ചിരുന്ന വാക്കുകളാണ് "ബിർറിഫാഇ വൽ ബനീൻ"എന്നത്. പരസ്പര സ്നേഹവും ഐക്യവും ഉണ്ടാവട്ടേ, ആൺകുട്ടികൾ ജനിക്കട്ടേ എന്നെല്ലാമാണ് അവർ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ പിന്നീട് നബി(സ) ഈ പ്രാർത്ഥനാ വാചകം നിരോധിക്കുകയും പകരം "ബാറകല്ലാഹു ലക വ ബാറക അലൈക്ക വജമഅ ബൈനകുമാ ഫീ ഖൈർ" അല്ലാഹു നിനക്ക് ബറക്കത്ത് നൽകട്ടേ, നന്മയിലായി അല്ലാഹു നിങ്ങളെ ഒരുമിച്ച് കൂട്ടട്ടേ എന്ന് പ്രാർത്ഥിക്കാൻ കൽപ്പിക്കുകയും ചെയ്തു.(റൂഹുൽ ബയാൻ)

ബഹുമാനപ്പെട്ട അബുല്ലൈസ്(റ) പറയുന്നു: സർഗ്ഗത്തിൽ വെച്ച് ഒരു വിവാഹച്ചടങ്ങ് നടക്കാനുണ്ട്. സ്വർഗ്ഗക്കാർ മുഴുവനും അതിൽ പങ്കാളികളാകും. അവിടെ വെച്ച് അല്ലാഹു ആസിയാ ബീവിയേയും മർയം ബീവിയേയും തിരുനബി (സ)ക്ക് വിവാഹം ചെയ്തു കൊടുക്കും. (ബഹ്റുൽ ഉലൂം,തബ്ശീറുൽ വാഇള്:310)

ഈ ദുനിയാവിൽ പ്രവാചകർ(സ) തങ്ങളുടെ ഭാര്യമാരാകാൻ ഭാഗ്യം ലഭിച്ച ഉമ്മഹാത്തുൽ മുഅ്മിനീങ്ങൾക്ക് പുറമേയാണ് ഈ വിവാഹങ്ങൾ.(ഖൈളുൽ ഖദീർ)

മുകളിലുദ്ധരിച്ച ചില നിവേദനങ്ങളിൽ മൂസാ നബി(അ)

യുടെയും നൂഹ് നബി(അ)മിന്റെയും സഹോദരിമാരെ എണ്ണി യതായി കാണാം. മുസാ നബി(അ)മിന്റെ സഹോദരിയെ ദുനി യാവിൽ വെച്ച് വിവാഹം ചെയ്യപ്പെട്ടിരുന്നില്ല.(സീറത്തുൽ ഹല ബിയ്യ)

തഹ്രീം സൂറത്തിലെ അഞ്ചാം ആയത്ത് വിശദീകരിച്ചു കൊണ്ട് മഹാന്മാർ വിശദീകരിക്കുന്നു: ഇവിടെ വിധവകൊണ്ടു ദ്ദേശിക്കുന്നത് ആസിയ ബീവിയേയും നൂഹ് നബി(അ)ന്റെ സഹോദരിയേയുമാണ്. കന്യക കൊണ്ടുദ്ദേശിക്കുന്നത് മർയം ബീവി(റ)യേയും മൂസാനബി (അ)മിന്റെ സഹോദരി കൂൽസൂം എന്നവരേയുമാണ്.(അദ്ദുർറുൽ മൻസൂർ,ത്വബ്റാനി) മൂസാ നബി(അ)മിന്റെ സഹോദരിയുടെ നാമത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. അധിക രിവായത്തുകളിലും കുൽസൂം എന്നാണ് കാണു ന്നത്.

വളരേ ആർഭാട പൂർവ്വം നടക്കാനിരിക്കുന്ന ആ വിവാഹ ചടങ്ങിനെ സംബന്ധിച്ച് ഹബീബായ റസൂൽ കരീം(സ) വിവരി ക്കുന്നതായി മഹാനായ അബൂസഈദിനിൽ ഖുദ്രി(റ) വിശദീ കരിക്കുന്നത് ഇങ്ങനെ വായിക്കാം: ശനിയാഴ്ചയായാൽ സ്വർഗ്ഗ ത്തിൽ കുട്ടികൾ ഉപ്പമാരെ സന്ദർശിക്കും. ഞായറാഴ്ച ഉപ്പമാർ മക്കളെ സന്ദർശിക്കും. തിങ്കളാഴ്ചയായാൽ ശിഷ്യന്മാർ പണ്ഡി തന്മാരെ ചെന്നു കാണും. ചൊവ്വാഴ്ച നേരെ തിരിച്ചും. ബുധ നാഴ്ച ഉമ്മത്തുകൾക്ക് അമ്പിയാക്കളെ കാണാനുള്ള ദിവസമാണ്. വ്യാഴാഴ്ച അമ്പിയാക്കൾ ഉമ്മത്തുകളെ കാണാൻ ഇങ്ങോട്ട് വരുന്ന ദിവസവും. എന്നാൽ വെള്ളിയാഴ്ച എല്ലാവരും ആദ്യം നബി തിരുമേനി(സ)തങ്ങളേയും പിന്നീട് രാജാധിരാജനായ അല്ലാഹുവിനെയും സന്ദർശിക്കാൻ പോകും. ബുറാഖ് എന്ന വാഹ നത്തിൽ കയറിയാണ് എല്ലാവരും പോകുന്നത്. യാത്രക്കിടയിൽ ധാരാളം മരങ്ങളും കൊട്ടാരങ്ങളും അവർക്ക് സലാം പറയും. അവയുടെയെല്ലാം മേൽഭാഗത്തിലൂടെ സ്വർഗ്ഗ വാതി ലുകളിൽ അവർ

എത്തും. അദ്ൻ എന്ന സ്വർഗ്ഗക്കൊട്ടാരത്തിൽ അവർ പ്രവേശിക്കും. ആ കൊട്ടാരത്തിന് അയ്യായിരം വാതിലുകളുണ്ട്. ഓരോ വാതിലുകളിലും ഇരുപതിനായിരം സ്വർഗ്ഗീയ ഹൂറിമാരുണ്ട്. മറ്റു സ്വർഗ്ഗങ്ങൾ ഇതിനു ചുറ്റുമാണുള്ളത്. ഈ സ്വർഗ്ഗത്തിന്റെ മേൽഭാഗം അല്ലാഹു വിന്റെ മഹത്തായ അർശാണ്. അതി ഭയങ്കരമായ പ്രകാശം കൊണ്ടാ ണ് ആ മേൽക്കൂര.

സമുദായങ്ങളുടെ വരവ് കണ്ട് മലക്കുകൾ പറയും: അല്ലാഹു വേ ഇതാ നിന്റെ അടിമകൾ വന്നിരിക്കുന്നു. അല്ലാഹു അപ്പോൾ പ്രത്യുത്തരം നൽകും: സത്യസന്ധമായി ജീവിതം നയിച്ചവർക്ക് സ്വാഗതം. അനുസരണയുള്ളവർക്ക് സ്വാഗതം. തൗഹീദിന്റെ ആളുകൾക്ക് സ്വാഗതം. ഇഖ്ലാസോടെ ആരാധ നകളർപ്പിച്ചവർക്ക് സ്വാഗതം. എന്റെ സന്ദർശകർക്ക് സ്വാഗതം. എന്റെ അയൽ വാസികൾക്ക് സ്വാഗതം. അവരെ ആദരിക്കൂ.. സ്വർണ്ണത്തിലും വെള്ളിയിലും നിർമ്മിതമായ ഇരിപ്പിടങ്ങളിൽ അവരെ ഇരുത്തൂ..

അതു പ്രകാരം മുർസലുകൾ അവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കപ്പെട്ട പ്രകാശത്താലുള്ള ഇരിപ്പിടത്തിലും നബിമാർ സ്വർണ്ണക്കസേരകളിലും അവരുടെ അനന്തരാവകാശികളായ പണ്ഡിതർ വെള്ളിക്കസേരകളിലും മറ്റു മുഅ്മിനുകൾ കസ്തൂ രി,കർപ്പൂരം എന്നിവയുടെ കൂമ്പാരത്തിന്മേലായി അവർക്ക് വേണ്ടി തയ്യാറാക്കപ്പെട്ട പ്രത്യേക വിരിപ്പുകളിലും ഇരിക്കുന്നു.

എല്ലാ മുഅ്മിനുകളും എത്തിക്കഴിഞ്ഞാൽ മാഇദത്തുൽ ഖുൽദ് എന്ന വിശാലമായ ചതുരാകൃതിയിലുള്ള ഒരു വിരിപ്പ് വിരിക്കും. ആ വിരിപ്പിൽ ഓരോരുത്തരും ഇരിക്കേണ്ട സ്ഥലത്ത് അവരവരുടെ പേരുണ്ടാകും. കോടിക്കണക്കിന് ഭക്ഷണങ്ങൾ നിറച്ച കോടിക്കണക്കിന് ഭക്ഷണത്തളികകൾ അതിലുണ്ടാവും. ഏഴു കോടി മലക്കുകളെ ആ സുപ്രയുടെയും അതിലെ ഭക്ഷണ ക്രമീകര ണത്തിന്റെയും ചുമതല അല്ലാഹു ഏൽപ്പിച്ചിട്ടുണ്ട്. അന്നു മുതലേ അവർ ആ പണിയിലാണ്. അങ്ങനെ ഓരോരു ത്തരും അവരവരുടെ

പേരുള്ള സ്ഥലത്ത് ഇരിക്കും.

എന്റെ അടിമകൾക്ക് വേണ്ടത് അവരെ കഴിപ്പിക്കൂ എന്ന് അല്ലാഹുവിന്റെ കൽപ്പന വന്നതും മലക്കുകൾ പാൽ, തേൻ, വെള്ളം,മദ്യം അടങ്ങുന്ന സ്വർഗ്ഗീയ പാനീയങ്ങൾ വേണ്ടത്ര നൽകും. അല്ലാഹുവിന്റെ അടുത്ത കൽപ്പന അടിമകളെ വേണ്ട വസ്ത്രങ്ങളും ആഭരണങ്ങളും ധരിപ്പിക്കാനാണ്. ചുറുചുറുക്കുള്ള കണ്ണഞ്ചിപ്പിക്കുന്ന ഉടയാടകളും ആഭരണങ്ങളും മലക്കുകൾ നമ്മെ ധരിപ്പിക്കും.

അല്ലാഹുവിന്റെ ഭാഗത്തു നിന്ന് പുകയിപ്പിക്കാനുള്ള കൽപ്പന വന്നതും മലക്കുകൾ കസ്തൂരി, അമ്പർ, കാഫൂർ തുടങ്ങിയ സുഗന്ധ വസ്തുക്കൾ പുകയിപ്പിക്കും. എന്തൊരു നല്ല സമയം. എന്തൊരു നല്ല ദിവസം. മുഅ്മിനുകൾക്ക് ആഹ്ലാദം. യാതൊരു വിഷമമോ ദുഃഖമോ ഉറക്കമോ ഇല്ലാത്ത സമയം. നല്ല സുഗന്ധമുള്ള കാറ്റ് ഇടക്കിടക്ക് മെല്ലെ തഴുകിത്തലോടി പോകുന്നു. സ്വർഗ്ഗീയാനു ഗ്രഹങ്ങളിൽ ആറാടി കളിച്ചും രസിച്ചും ഉല്ലസിച്ചും തസ്നീം,റഹീഖ് പോലുള്ള ശീതള പാനീയങ്ങൾ കുടിച്ചും സ്വർഗ്ഗീയ ഹൂറികളുമായി രമിച്ചും സമയം പോയത് അറിയാതെ നിൽക്കുന്നതിനിടയിൽ താഴ്ഭാഗത്ത് സ്ഥിതിചെയ്യുന്ന ചുവന്ന മാണിക്യത്താൽ നിർമ്മിതമായ ഖുബ്ബയിൽ നിന്ന് ഒരു പ്രത്യേക തരം പക്ഷിയുടെ ശബ്ദം കേൾക്കാനിടയാവും. ആ പക്ഷിക്ക് മുത്തിനാലുള്ള നാനൂറ് ചിറകുകളാണുള്ളത്. അവയിലെല്ലാം ബിസ്മി പൂർണ്ണമായും എഴുതി വെച്ചിട്ടുണ്ട്. ആ പക്ഷിയുടെ ശബ്ദം എല്ലാവരും ശ്രദ്ധിച്ചു കേൾക്കും. നബി(സ)തങ്ങളുടെ നടക്കാനിരിക്കുന്ന വിവാഹത്തിൽ പങ്കെടുക്കാനായി അവിടത്തെ പ്രത്യേക കൊട്ടാരത്തിലേക്ക് സ്വർഗ്ഗവാസികളെ മുഴുവൻ ക്ഷണിക്കുന്നതായിരിക്കും ആ ശബ്ദം.

എല്ലാവരും തിരുമേനി(സ)യുടെ കൊട്ടാരത്തിലേക്ക് നീങ്ങും. മൂവ്വായിരം വർഷത്തെ വഴിദൂരം നീളവും ആയിരം വർഷത്തെ

വഴിദൂരം വീതിയുമുള്ള വാതിലാണ് കൊട്ടാ രത്തിനുള്ളത്. രണ്ട് പൊളികളുള്ള ഈ പ്രത്യേക വാതിലിന്റെ ഒരു പൊളി സ്വർണ്ണ നിർമ്മിതവും മറ്റേത് വെള്ളി കൊണ്ടുണ്ടാ ക്കിയതുമാണ്. അങ്ങനെ മുർസലുകളും നബിമാരും അവരെ വിശ്വസിച്ചവരുമെല്ലാം കൊട്ടാരത്തിലേക്ക് പ്രവേശിക്കും. അവിടെയുള്ള കാഴ്ച അവരെ അമ്പരിപ്പിക്കും. വലത്തും ഇടത്തും ഏഴു ലക്ഷം മുത്തുകൊണ്ടുള്ള ഇരിപ്പിടങ്ങൾ നിരത്തിയിരിക്കുന്നു. അവയിലൊക്കെ പ്രകാശ നിർമ്മിതമായ കിരീടം അണിഞ്ഞ മലക്കുകൾ ഇരിക്കുന്നു. മധ്യത്തിൽ ചുവന്ന മാണിക്യം വിരിച്ച സുഫ്ഫത്ത് എന്ന പ്രത്യേക സ്ഥലവും.

അമ്പിയാ മുർസലുകൾ സമുദായങ്ങളോടൊപ്പം അങ്ങോട്ട് പ്രവേശിക്കുമ്പോൾ അവിടെ ഇരുന്നിരുന്ന പതിനാല് ലക്ഷം വരുന്ന മലക്കുകൾ ആദരപൂർവ്വം എഴുന്നേറ്റ് നിൽക്കും. ചുവന്ന മാണിക്യം വിരിച്ച സുഫ്ഫ എന്ന സ്ഥലത്തേക്ക് അമ്പിയാക്കളും അനു യായികളും കടന്നിരിക്കും. അനുയായികളിലെ കുട്ടികൾ വലത്തും ഇടത്തുമായി അണിനിരക്കും. സുഫ്ഫയുടെ മുൻവശത്ത് പവിഴ നിർമ്മിതമായ ഒരു ഖുബ്ബയുണ്ട്. നിറയെ മുത്തുകളും മാണിക്യവും കൊത്തിവെച്ച ആ ഖുബ്ബയിൽ മഹ്മൂദ് എന്ന് പേരുള്ള ഒരു ആനയാണുള്ളത്. അതിനെ അണിയിച്ചൊരുക്കുന്നത് രിള്വാൻ(അ) ആണ്.

ഈ പ്രത്യേക ആനക്ക് രണ്ട് വിസ്താരമേറിയ കൊമ്പുക ളാണുള്ളത്. അവകളിൽ മുത്തുകൾ പതിച്ച വിശാലമായ സ്വർണ്ണ പലകകളും. ആ പലകകളിൽ ധാരാളം കസേരകളും വിരിപ്പുകളും തലയിണകളും ഉണ്ടാവും. ഹബീബായ നബി തിരുമേനി(സ)യുടെ ഉമ്മത്തുകൾക്ക് ഉള്ളവയാണവ. അവരെല്ലാ വരും ഖുബ്ബക്കകത്തേക്ക് പ്രവേശിക്കും. അമ്പിയാമുർസലുകളും ഉലമാക്കളും ശുഹദാക്കളും കൊമ്പുകളിൽ ഇവർക്ക് വേണ്ടി സജ്ജമാക്കപ്പെട്ട പ്രത്യേക ഇരിപ്പിടങ്ങളിൽ ഇരിക്കും. ഉമ്മത്ത് അവരുടെ സീറ്റുകളിലും

ഇരിക്കും. ആനപ്പുറത്ത് മൂന്ന് രഥങ്ങളാണ് ഉള്ളത്. വലത്തേ രഥത്തിൽ മർയം ബീവിയും ഇടത്തേതിൽ ആസിയാ ബീവിയും മദ്ധ്യത്തേതിൽ റസൂൽ തിരുമേനി(സ)യും ഉപവിഷ്ഠരാകും. ഒരോ രഥത്തിലും ഒരോ പതാകകളുണ്ട്. വലത്തേതിൽ ലിവാഉശ്ശുക്ർ, ഇടത്തേതിൽ ലിവാഉൽ ഫള്ൽ, തിരുമേനി(സ)യുടെ രഥത്തിൽ ലിവാഉൽ ഹംദ്.

അങ്ങനെ എല്ലാവരും ചേർന്ന്, ആനപ്പുറത്ത്, ആ ഖുബ്ബ ക്കകത്തു നിന്നും  പുറത്തു വരും. നബി(സ)ക്ക് വേണ്ടി ഹൗളുൽ കൗസറിന്റെ തീരത്ത് പ്രത്യേകം തയ്യാറാക്കിയ മണിയറവരെ എല്ലാവരും വരും. അവിടെ സ്വർഗ്ഗീയ ഹൂറിമാർ ആ വലിയ സംഘ ത്തെ വരവേൽക്കും. ഇനി ഭക്ഷണമാണ്. വിവിധ തരം ഭക്ഷണ പാനീയങ്ങൾ നിറക്കപ്പെട്ട സുപ്ര വിരിക്കപ്പെടും. നേരത്തെ പറയപ്പെട്ട ക്രമത്തിൽ എല്ലാവരും ഇരുന്ന് ഭക്ഷണം കഴിക്കും. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാം. ഒരേ ഭക്ഷണം തന്നെ ഓരോ പ്രാവശ്യം കഴിക്കുമ്പോഴും വ്യത്യസ്ത രുചി.

ഭക്ഷണ ശേഷം സ്വർഗ്ഗവാസികളെ അണിയിക്കാനാണ് കൽപ്പന. സ്വർഗ്ഗത്തിലെ വിവധ തരം ആഭരണങ്ങളും പട്ടുകളും വളകളും വസ്ത്രങ്ങളും അവരെ ധരിപ്പിക്കും.

പിന്നീട് അവരെ സുഗന്ധം കൊണ്ട് പൊതിയാനുള്ള ഉത്തരവ് അല്ലാഹു പുറപ്പെടീക്കും. നല്ലയിനം കസ്തൂരിയും അമ്പറുമെല്ലാം മലക്കുകൾ അവർക്ക് പുരട്ടിക്കൊടുക്കും. സ്വർഗ്ഗവാസികൾ ആഹ്ലാദത്തോടെ തുള്ളിച്ചാടും. ഇതിനിടയിൽ ബഹുമാനപ്പെട്ട ദാവൂദ് നബി(അ) സബൂർ എന്ന ഗ്രന്ഥം ശബ്ദ മുയർത്തി ഓതുന്നു. പ്രത്യേക രാഗവും താളവുമൊക്കെയുള്ള ആ ശബ്ദം കേട്ട് എല്ലാവരും മതിമറക്കുന്നു.

അല്ലാഹു ജിബ്‌രീൽ(അ)മുഖേനെ നബി (സ)യോട് ആനപ്പുറത്ത് കയറാൻ കൽപ്പിക്കുന്നു. മുമ്പ് വിവരിച്ച പോലെ എല്ലാവരും കയറുന്നു. ആനയുടെ തലഭാഗത്ത് ജിബ്‌രീൽ(അ)മും

വാൽ ഭാഗത്ത് മീകാഈൽ(അ)മും സ്ഥാനം പിടിക്കുന്നു. ആനയുടെ മുന്നിൽ സ്വർഗ്ഗീയ വാഹനത്തിൽ കയറി രിള്വാൻ(അ), മഹാനവർകളുടെ വലത്തും ഇടത്തുമായി കോടാനു കോടി സുന്ദരന്മാരായ കുട്ടികളും സഞ്ചരിക്കുന്നു. ഇത്തവണ ഒന്നേകാൽ ലക്ഷം വരുന്ന പ്രവാചകന്മാർ അവരുടെ ഭാര്യ മാരോടൊപ്പം ആനയുടെ മുമ്പിലും രിള്വാൻ(അ) പിന്നിലു മായിട്ടാണ് സഞ്ചരിക്കുന്നത്.

ദാവൂദ് നബി(അ) ശബ്ദമുയർത്തി നബി(സ)യെ പുക ഴ്ത്തിപ്പാടുന്നു. അതു കേട്ട് സർവ്വരും ഹർഷപുളകിതരാകുന്നു. നടന്നു നടന്ന് ഹൗളുൽ കൗസറിന്റെ സമീപത്തെത്തുന്നു. എല്ലാ വരും വാഹനപ്പുറത്തു നിന്നും ഇറങ്ങുന്നു. തിരുനബി(സ) അവിടു ത്തെ പത്നിമാരോടൊപ്പം ഇറങ്ങുന്നു. കൂടാതെ എല്ലാ അമ്പി യാക്കളും അവരുടെ ഭാര്യമാ രോടൊപ്പവും. അവിടെ പ്രത്യേകം തയ്യാറാക്കപ്പെട്ട വീട്ടിൽ വെച്ച് എല്ലാവരും ഭക്ഷണം കഴിക്കുന്നു. വിശേഷിപ്പിക്കാൻ കഴിയാത്തത്ര രുചിയൂറും ഭക്ഷണങ്ങൾ വേണ്ടത്ര കഴിക്കുന്നു. ശേഷം ഒരു മേഘം പ്രത്യക്ഷപ്പെടുകയും നല്ല പരിമളം പരത്തുന്ന സുഗന്ധ ദ്രവ്യങ്ങൾ അവർക്കു മേൽ വർഷിക്കുകയും ചെയ്യുന്നു. പിന്നീട് അവിടേക്ക് ധാരാളം വാഹനങ്ങൾ കൊണ്ടു വരും. ഓരോരുത്തർക്കും ഇഷ്ടമുള്ള വാഹനപ്പുറത്ത് പിരിഞ്ഞു പോകാം. അങ്ങനെ അല്ലാഹു ഉദ്ദേശിക്കുന്നിടം വരെ ഓരോരുത്തരും പോകുന്നു(തുഹ്ഫത്തുൽ അബ്റാർ:174-178) സംഭവബഹുലമായ ഈ തൃക്കല്ല്യാണത്തിൽ ഭാഗവാക്കാകാൻ നാമേവർക്കും അല്ലാഹു തൗഫീഖ് നൽകട്ടെ. ആമീൻ.

# ചരിത്രം പാഠമാവട്ടെ..

പ്രഗൽഭ ശാഫിഈ പണ്ഡിതൻ അബ്ദില്ലാ ഹിബ്നു അബീ ഇസ്റൂൻ(റ) പറയുന്നു: ഞാൻ യു വത്വകാലത്തിൽ ബഗ്ദാദിലേക്ക് പോയി. അന്ന് ഇബ്നുസ്സഖ എന്റെ ഉറ്റ സുഹൃത്തായിരുന്നു. ഞങ്ങ ൾ ഒരുമിച്ച് ഇബാദത്തുകളിൽ മുഴുകുകയും ജീവി ച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ സ്വാലിഹീങ്ങ ളെ സന്ദർശിക്കാറുമുണ്ടായിരുന്നു. അങ്ങനെയി രിക്കെ ഒരാളെക്കുറിച്ച് അറിയാനിടയായി. ഗൗസ് എന്ന് അറിയപ്പെട്ട അദ്ദേഹത്തിന് താൻ ഉദ്ദേശി ക്കുന്ന സമയത്ത് മറഞ്ഞു നടക്കാനും വേണ്ട സമയത്ത് പ്രത്യക്ഷപ്പെടാനുമുള്ള കഴിവു ണ്ടായിരുന്നുവത്രെ. അങ്ങനെ ഞാനും സുഹൃത്ത് ഇബ്നു സഖാ യും ബഹുമാനപ്പെട്ട ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റ)വും അദ്ദേഹത്തെ ചെന്നു കാണാൻ തീരുമാനിച്ചു. ശൈഖ് ജീലാനി(റ) വും അന്ന് യുവാവായിരുന്നു.

വഴിയിൽ വെച്ച് ഇബ്നുസഖാ തന്റെ ലക്ഷ്യം പറഞ്ഞു: അദ്ദേഹത്തിന് ഒരിക്കലും മറുപടി കിട്ടാത്ത ഒരു ചോദ്യം ഞാൻ ചോദിക്കും. അത്രയേ പറഞ്ഞുള്ളു. ഇത് കേട്ട് ഞാൻ പറഞ്ഞു:

ഞാൻ അദ്ദേഹത്തോട് ഒരു സംശയം ചോദിക്കും. അദ്ദേ ഹം അതിന്ന് പറയുന്ന മറുപടി എന്താണെന്ന റിയാമല്ലോ..ബഹുമാനപ്പെട്ട സുഹൃത്ത് ശൈഖ് അബ്ദുൽ ഖാദിർ(റ) പറഞ്ഞു: പടച്ചവനേ, അദ്ദേഹത്തെ ചോദ്യം ചെയ്യലിൽ നിന്ന് നിന്നോട് ഞാൻ കാവൽ തേടുന്നു. ആ മഹനീയ സാന്നിധ്യത്തിൽ ചെന്ന് അനുഗ്രഹം വാങ്ങ ലാണ് എന്റെ ലക്ഷ്യം.

അങ്ങനെ ഞങ്ങൾ അവിടെയെത്തി. ചെന്നു നോക്കുമ്പോൾ മഹാനെ അവിടെ കണ്ടില്ല. ഞങ്ങൾ അവിടെ തന്നെ നിന്നു. അപ്പോഴതാ അദ്ദേഹം ഞങ്ങൾക്ക് മുന്നിൽ തന്റെ ഇരിപ്പിടത്തിൽ ഇരിക്കു ന്നു. സുഹൃത്ത് ഇബ്നുസഖായെ നോക്കി കോപാകു ലനായി അദ്ദേഹം പറഞ്ഞു: സഖായുടെ മോൻ, നിനക്ക് നാശം. എനിക്ക് ഉത്തരം കിട്ടാത്ത ഒരു ചോദ്യം നീ ചോദിക്കുമെന്നോ? നിന്റെ ചോദ്യം ഇന്നതല്ലേ? അതിനുള്ള ഉത്തരം ഇതാ..നിശ്ചയം കുഫ്റി (ദൈവ നിഷേധം)ന്റെ തീ നിന്നിൽ ആളിക്കത്തുന്നത് ഞാൻ കാണുന്നു.

പിന്നീടദ്ദേഹം എന്നെ നോക്കിയിട്ട് പറഞ്ഞു: അബ്ദുല്ലാ, എന്റെ മറുപടി എന്താണെ ന്നറിയാൻ ചോദ്യം ചോദിക്കുകയോ? നിന്റെ ചോദ്യം ഇതല്ലേ? അതിനുള്ള ഉത്തരം ഇതാണ്. നീ കാണിച്ച അദബ് കേട് കാരണം നിന്റെയടുക്കൽ ദുൻയാവ് കുന്നു കൂടും. നിന്റെ രണ്ട് ചെവിക്കുന്നികൾ വരെ അത് മുട്ടും.

പിന്നീട് ആ മഹാൻ ശൈഖ് ജീലാനി (റ)വിനെ നോക്കി. അടുത്തേക്ക് വിളിച്ചു. ബഹുമാനിച്ചു. എന്നിട്ടു പറഞ്ഞു: അബ്ദുൽ ഖാദിർ, താങ്കൾ താങ്കളുടെ അദബ് കൊണ്ട് അല്ലാ ഹുവിനേയും അവന്റെ റസൂലിനേയും തൃപ്തി പ്പെടുത്തിയിരിക്കുന്നു. താങ്കൾ ബഗാദാദിൽ പീഠത്തിലിരുന്ന് ജനങ്ങളോട് സംസാരിക്കുന്ന തിനിടയിൽ "എന്റെ ഈ കാൽ പാദം സർവ്വ ഔലിയാക്കളുടേയും പിരടിക്കു മകളിലാണെന്ന്'' പറയുന്നതും അന്നുള്ള മുഴുവൻ ഔലിയാക്കളും ബഹുമാനാദരവുകളാൽ താങ്കൾക്ക് തല

താഴ്ത്തിത്തരുന്നതും ഞാൻ നേരിൽ കാണുന്നതു പോലെയുണ്ട്.

ഇത്രയും പറഞ്ഞ് അദ്ദേഹം അപ്രത്യക്ഷനായി. നിവേദകൻ തുടരുന്നു: ശൈഖ് അബ്ദിൽ ഖാദിർ(റ) പിന്നീട് അറിയപ്പെടുകയും ഔലിയാക്കളുടെ കൂട്ടത്തിൽ ഉന്നത സ്ഥാനീയനാവുകയും ചെയ്തു. "എന്റെ ഈ കാൽ പാദം സർവ്വ ഔലിയാക്കളുടേയും പിരടിക്കു മകളിലാണെന്ന്" മഹാനവർകൾ പ്രഖ്യാപിച്ചു. അ ന്നത്തെ ഔലിയാക്കൾ അക്കാര്യം അംഗീകരിക്കു കയും ചെയ്തു.

ഇബ്നുസഖാ എന്ന എന്റെ സുഹൃത്ത് ദീനീ വിജ്ഞാനങ്ങളിൽ വ്യാപൃതനായി. മതപഠന രംഗത്ത് സജീവമായി. വലിയ അഗ്രഗണ്യനായ പണ്ഡിതനായി അദ്ദേഹം മാറി. തന്റെ കാലത്തെ ധാരാളം മഹപണ്ഡിതരെ അദ്ദേഹം വിജ്ഞാന ത്തിൽ പിന്നിലാക്കി. സർവ്വകലാ വല്ലഭനായി. തന്നോട് തർക്കിക്കുന്നവരെ ഏത് വിഷയത്തിലും മുട്ടുകുത്തിക്കുന്നതിൽ അദ്ദേഹം പ്രസിദ്ധ നായി. നല്ല വാചാലനും സമർത്ഥനുമായതിനാൽ അന്ന ത്തെ ഖലീഫ (ഭരണാധികാരി) അദ്ദേഹത്തെ വിളിച്ച് വരുത്തി റോമിലെ രാജാവിന്റെ അടുത്തേക്ക് ദൂതനായി അദ്ദേഹത്തെ അയച്ചു. ഇബ്നുസഖായുടെ ശരീരാകൃതിയും വാചാലതയും അഗാധ പാണ്ഡിത്യവും റോമിലെ രാജാവിനെ വല്ലാതെ അത്ഭുതപ്പെടുത്തി. രാജ്യത്തെ എല്ലാ പുരോഹിതരേയും ക്രിസ്ത്യൻ പണ്ഡിതരെയും ഇബ്നുസഖായുടെ അടുത്തേക്ക് വിളിച്ചു കൂട്ടി. അവരെല്ലാം ചേർന്ന് അദ്ദേഹത്തെ തോൽപ്പിക്കാൻ പരിശ്രമിച്ചു. പക്ഷെ അവരെയെല്ലാം ഇബ്നുസ്സഖാ ഉത്തരം മുട്ടിച്ചു. രാജാവിന് അതിശയോക്തി തോന്നി.

അങ്ങനെയിരിക്കെ ഇബ്നുസഖാ രാജാവിന്റെ മകളെ കാണാനിടയായി. അവളിൽ അകൃഷ്ടനായി. എങ്ങനെ അവളെ കിട്ടുമെന്ന ചിന്തയിലാണ്ടു. അതൊരു ഒഴിയാബാധയായി അദ്ദേഹത്തെ പിന്തുടർന്നു. ഗത്യന്തരമില്ലാതെ രാജാവിനോട് തന്നെ വിഷയം പറയാൻ തീരുമാനിച്ചു. രാജാവിനോട് രഹസ്യമായി അക്കാര്യം അറിയിച്ചു. കിട്ടിയ അവസരം മുതലെടുത്ത് രാജാവ് പറഞ്ഞു: നീ

ക്രിസ്ത്യാനിയായാൽ അവളെ വിവാഹം ചെയ്തു തരാം. അല്ലെങ്കിൽ പറ്റില്ല. അയാൾ അതിന്ന് സമ്മതിച്ചു. മതം മാറിയ അവന് തന്റെ മകളെ രാജാവ് വിവാഹം ചെയ്തു കൊടുത്തു. വലിയ ആർഭാടത്തിലും ആരവത്തിലും വിവാഹം നടന്നു. മുമ്പ് പറഞ്ഞ മഹാനായ ഗൗസിന്റെ വാക്കുകൾ പിന്നീട് ഇബ്നു സഖാക്ക് ഓർമ്മ വന്നു. ആ മഹാന്റെ ഗുരുത്വക്കേടാണിതെന്നും ബോധ്യപ്പെട്ടു. പക്ഷെ ഇത് തിരിച്ചറിയുമ്പോഴേക്കും കാര്യങ്ങളെ ല്ലാം പിടിവിട്ട് പോയിരുന്നു.

നിവേദകൻ ഇബ്നു അബീ ഇസ്റൂൻ തുടരുന്നു: പിന്നീട് ഞാൻ ഡമസ്കസിലേക്ക് പോയി. എന്നെ അവിടുത്തെ രാജാവ് സുൽത്താൻ നൂറുദ്ദീൻ ശഹീദ് രാജസന്നിധിയിലേക്ക് വിളിപ്പിച്ചു. ഔഖാഫിന്റെ അധികാരം ഏറ്റെടുക്കാൻ നിർബന്ധിച്ചു. നിർബ ന്ധിതനായി ഞാനത് ഏറ്റെടു ത്തു. ആ മഹാൻ പറഞ്ഞത് പോലെ ദുനിയാവ് ഒന്നടങ്കം എന്റെ മേൽ കുമിഞ്ഞു കൂടി. ഞങ്ങൾ മൂന്ന് പേരെ കുറിച്ചും അദ്ദേഹം പറഞ്ഞത് അ തേപോലെ പുലർന്നു. (ബഹ്ജത്തുൽ അസ്റാർ, ഫതാവൽ ഹദീസിയ്യ)

പ്രസിദ്ധ ചരിത്ര പണ്ഡിതൻ ഇബ്നു ഖല്ലിക്കാൻ തന്റെ താരീ ഖിൽ രേഖപ്പെടു ത്തുന്നു: ഒരിക്കൽ ബഹുമാനപ്പെട്ട അബൂ യഅ്ഖൂ ബ് യൂസുഫുൽ ഹമദാനി(റ) നസ്വീഹത്ത് ചെയ്യാൻ ഇരുന്നു. ജനങ്ങൾ ഒന്നടങ്കം ഒരുമിച്ചു കൂടി. അവർക്കിടയിൽ നിന്ന് ഫഖീ ഹും പണ്ഡിതനുമായിരുന്ന അബ്നുസഖാ എഴുനേറ്റു നിന്നു. അവി ടെ വെച്ച് ഒരു മസ്അല ചോദിച്ച് മഹാനവർകളെ പ്രയാസപ്പെടുത്തി. ഉടനെ ശൈഖവർകൾ അയാളോട് പറഞ്ഞു:

إجلس فإنى أجد من كلامك رائحة الكفر ولعلك تموت

ഇരിക്കൂ, നിന്റെ സംസാരത്തിൽ നിന്ന് കുഫ്ർ വാസനിക്കാൻ എനിക്ക് കഴിയുന്നു. നീ മുസ്‌ലിമായല്ലാതെ മരിക്കാൻ സാധ്യ തയുണ്ട്.

അങ്ങനെയിരിക്കെ ദീനീ സംരഭങ്ങളിൽ നിറസാന്നിധ്യ മായിരുന്ന ഇബ്നു സഖാ അന്നത്തെ ഖലീഫയുടെ സമ്മതത്തോടെ റോമിലേക്ക് പോയവുകയും രാജകുമാരിയെ കണ്ട് അവളിൽ ആകൃഷ്ടനാവുകയും ചെയ്തു. പിന്നീട് അവളെ വിവാഹം കഴിക്കാ നായി ക്രിസ്ത്യാനിയായി. കാഫിറായി തന്നെ അന്ത്യം വരിക്കുകയും ചെയ്തു.

മരണത്തിനുമുമ്പ് അയാളെ ഭീകരമായ രോഗം പിടികൂടി. ശരീരം ചീഞ്ഞളിഞ്ഞ രൂപ ത്തിലായ അയാളെ കൊട്ടാരത്തിൽ നിന്നും പുറ ത്താക്കി. വഴിയരികിൽ കിടക്കുന്ന ഇബ്നു സഖായെ കണാനിടയായ ഒരു പണ്ഡിതൻ പറ യുന്നു: ഇബ്നുസഖായെ കണ്ട് ഞാൻ ഞെട്ടി പ്പോയി. വീണു കിടക്കുന്നത് പോലെ ഒരു ബെഞ്ചിൽ കിടക്കുന്നു. മുഖത്തെ വൃണങ്ങളിൽ വന്നിരിക്കുന്ന ഈച്ചകളെ കയ്യിലുള്ള വിശറികൊണ്ട് അകറ്റാൻ ശ്രമിക്കുന്നു. ഞാൻ ചോദിച്ചു: ഖുർആൻ മനഃപാഠമാക്കിയിരുന്ന തനിക്ക് ഇപ്പോൾ വല്ലതും ഓർമ്മയിലുണ്ടോ? അയാളുടെ മറുപടി ചിന്തിപ്പിക്കുന്നതായിരുന്നു:

ربما يود الذين كفروا لو كانوا مسلمين

“തങ്ങൾ മുസ്ലിംകളായിരുന്നുവെങ്കിൽ എന്ന് സത്യ നിഷേധികൾ ആഗ്രഹിക്കും”എന്ന ഒരായത്ത് മാത്രം ഓർമ്മയുണ്ട്. ബാക്കിയെല്ലാം ഞാൻ മറന്നു പോയി. (ഖലാഇദുൽ ജവാഹിർ)

ഇബ്നുസഖാ രോഗിയായപ്പോൾ ആർക്കും അയാളെ വേണ്ടാതായി. ഏവരും വെറുക്കുന്ന വസൂരിയായിരുന്നു രോഗം. ശരീരമാകെ കറുപ്പ് നിറത്തിലുള്ള പുള്ളികൾ വരുന്ന ക്ഷുദ്രകാരിയാണ് അത്. അവനെ പരിചയമുള്ള ഒരാൾ ചോദിച്ചു: എന്താണീ കാണുന്നത്? അപ്പോൾ മറുപടി പറഞ്ഞു: എനിക്ക് വന്നു പെട്ട ഒരു അപകടമാണിത്. കാരണം നിനക്ക് അറിയാമല്ലോ? മറ്റൊരിക്കൽ ചെന്നു നോക്കുമ്പോൾ അയാൾ തീയേറ്റ് കരിഞ്ഞവ നെപ്പോലെയിരിക്കുന്നു. മരണ വെപ്രാളത്തിലാണവൻ. ഞാൻ അവനെ ഖിബ്‌ലയിലേക്ക് തിരിച്ചു കിടത്തി. എന്നാൽ പലവുരു

ശ്രമിച്ചിട്ടും ആ ശ്രമം വിഫലമായി. അയാൾ ഞെരങ്ങിയും നീങ്ങിയും ഖിബ്‌ലക്ക് പുറം തിരിഞ്ഞു കിടക്കും. അങ്ങനെ അയാളുടെ ജീവൻ നഷ്ടമായി. ഇതിന്ന് കാരണക്കാരനായ ഗൗസ് എന്ന മഹാൻ പറഞ്ഞ വാക്ക് അയാൾ ഓർക്കുമായിരുന്നു. ഇന്ന് വന്നുപെട്ട വിപത്ത് അദ്ദേഹത്തെ പരീക്ഷിച്ചതിനാലാണെന്നും അറിയാമായിരുന്നു. (ഫതാവൽ ഹദീസിയ്യ:331) എന്നിട്ടും തൗബ ചെയ്യാൻ തോന്നുകയോ അതിനുള്ള അവസരമുണ്ടാവുകയോ ചെയ്തില്ല.

ധാരാളം ഗുണപാഠങ്ങൾ നിറഞ്ഞ ഈ ചരിത്രം വിശദീകരിച്ച ശേഷം മഹാനായ ഇബ്നു ഹജറിൽ ഹൈതമി(റ) പറയുന്നു:

وفى هذه الحكاية التى كادت أن تتواتر فى المعنى
لكثرة ناقليها وعدالتهم فيها أبلغ زجر وآكد ردع عن
الإنكار على أولياء الله تعالى خوفا من أن يقع المنكر
فيما وقع فيه ابن السقا من تلك الفتنة المهلكة الأبدية
التى لاأقبح منها ولا أعظم منها

നീതിമാന്മാരായ നിരവധി നിവേദകരാൽ കൈമാറി വന്ന ചരിത്രമാണെന്നതിനാൽ ഈ സംഭവം ആശയത്തിൽ മുഹവാതിർ ആകാനടുത്തിട്ടുണ്ട്. അല്ലാഹുവിന്റെ ഔലിയാക്കളെ നിഷേധിക്കരുതെ ന്ന് കഠിനമായ താക്കീത് ഈ ചരിത്രത്തിലുണ്ട്. ഇബ്നു സഖാ ഉൾപ്പെട്ടത് പോലെ എന്നെന്നും തീരാനഷ്ടത്തിലാ ക്കും വിധത്തിലുള്ള അപകടങ്ങളിൽ അതിനാൽ ഉൾപ്പെടാ നിടയുണ്ട്. അവ ഈമാനിന്റെയും ആഖിറത്തിന്റെയും കാര്യത്തി നായതിനാൽ അതിനേക്കാൾ മോശമായതും അപകടം പിടിച്ചതു മായ മറ്റൊരു വിപത്ത് ഇല്ല തന്നെ. മഹാനവർകൾ തുടരുന്നു: മാത്രമല്ല, ഔലിയാക്കളെ വിശ്വസിക്കുന്നതിലും അവരോട് മര്യാദയോടെ പെരുമാറുന്നതിലും കഴിവിന്റെ പരാമാവധി അവരെക്കുറിച്ച് നല്ലത് വിചാരിക്കുന്നതിലും ഏറ്റവും പൂർണ്ണമായ രീതിയിൽ പ്രേരണ നൽകുന്നതുമാണ് ഈ ചരിത്രം.(ഫതാവ:316)

മഹാനായ ജലാലുദ്ദീൻ മുഹമ്മദുബ്നു യഹ്‌യത്താദഫി(റ)

പറയുന്നു: സഹോദരാ, ഔ ലിയാക്കളുടെ കാര്യങ്ങൾ നീ വിശ്വസി ക്കുക. അല്ലാഹുവിന്റെ ആരിഫീങ്ങളായ ഔലിയാക്കളെയും മുഅ്മി നീങ്ങളും സൽവൃത്തരുമായ പണ്ഡിതരെയും എതിർക്കാതിരിക്കുക. കാരണം, അവർ വിഷമാണ്. അവരെ നിരൂപണം നടത്തുകയോ ആക്ഷേപിക്കുകയോ ചെയ്തിട്ട് രക്ഷപ്രാപിച്ചവർ വിരളമാണ്. അത് കൊണ്ട് സഹോദരാ, അവരെ നീ അംഗീകരിക്കുക. നിരൂപിക്കാൻ തുനിയരുത്. ഖേദിക്കേണ്ടിവരും. (ഖലാഇദ്)

ശൈഖ് അബ്ദുൽ ഖാദിർബ്നു മുഹ് യിദ്ദീനിൽ ഇർബലി(റ) പറയുന്നു: അല്ലാഹു വിനെ പുകഴ്ത്തുന്നതും സ്തുതിക്കുന്നതുമായ ഏതൊരു പദം നീ കേട്ടാലും അല്ലാഹുവിന്റെ ഉലൂഹിയ്യത്തിന്ന് കുറവ് വരാത്തതാണെങ്കിൽ അത് അംഗീകരിക്കൽ നിനക്ക് അനിവാര്യമാണ്. ആരാണത് പറഞ്ഞതെന്ന് നിനക്ക് അറിഞ്ഞി ല്ലെങ്കിലും. അപ്രകാരം തന്നെ അമ്പിയാക്കളുടെ വിഷയത്തിലും. നുബുവ്വത്തിന്റെ സ്ഥാനത്തിന് കളങ്കം ചാർത്തുന്നതല്ലാത്ത എന്ത് തന്നെയായാലും അത് വിശ്വസിക്കൽ നിനക്ക് നിർബന്ധമാണ്.

وكذا فى حق الأولياء اذالم يكن فيها شيئ من خصائص
الألوهية والنبوة فيلزم قبولها ولاتأت بإنكار لأن انكار
كرامات الأولياء مؤد الى انكار معجزات الأنبياء فإن
كل ولي على قدم نبي

അത് പോലെ തന്നെയാണ് ഔലിയാക്കളെ സംബന്ധിച്ചും പറയാനുള്ളത്. ഉലൂഹിയ്യത്തിന്റെയോ, നുബുവ്വത്തിന്റെയോ പ്രത്യേകതകളിൽപെട്ട ഒന്നും ഇല്ലാത്തിടത്തോളം ഔലി യാക്കളെ ക്കുറിച്ച് കേട്ടകാര്യങ്ങൾ നാം അംഗീകരിച്ചേ മതിയാകൂ. അത് നിഷേധിക്കാൻ നിൽ ക്കരുത്. കാരണം ഔലിയാക്കളുടെ കറാമത്തു കൾ അവർക്ക് അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് കിട്ടിയ മഹത്വങ്ങൾ, എന്നിവ നിഷേധിക്കുന്നത് അമ്പിയാക്കളുടെ മുഅ്ജിസത്തുകൾ നിഷേധിക്കുന്നതിലേക്കാണ് കൊണ്ടെത്തിക്കുക. ഓരോ വലികളും

ഓരോ നബിമാരുടെ താവഴിയാണല്ലോ..

മഹാനവർകൾ തുടരുന്നു: അമ്പിയാക്കളുടെ മുഅ്ജിസത്തു കളിൽ വിശ്വസിക്കുന്നവർ ഔലിയാക്കളുടെ കറാമത്തുകളിലും വിശ്വ സിക്കും. അവ നിഷേധിക്കുന്നത് അല്ലാഹുവിന്റെ കോപത്തി ന് പാത്രമാകാനും സ്വയം നിന്ദ്യനാകാനും ഹേതുവാകും. ഖുദുസിയ്യായ ഹദീസിലൂടെ അല്ലാഹു അത്തരക്കാരോട് യുദ്ധം പ്രഖ്യാപി ച്ചിട്ടുണ്ടല്ലോ. (തഫ്സീറുൽ ഖാത്വിർ: 3)

മഹാനവർകൾ തുടർന്ന് പറയുന്നു: വിശുദ്ധിയുടേയും പൂർണ്ണ തയുടെയും ആളുകളിൽ നിന്ന് പ്രത്യക്ഷത്തിൽ ശരീഅത്തിന് വിരുദ്ധമാണെന്ന് തോന്നിക്കുന്ന വല്ല വാക്കുകളും കേട്ടാൽ നീ ഒറ്റയടിക്ക് നിഷേധിക്കരുത്. മറിച്ച് നിനക്കറിയാത്ത കാര്യങ്ങൾ അറിയിച്ച് തരാൻ എല്ലാം അറിയുന്ന രക്ഷിതാവായ അല്ലാഹുവിനോട് പ്രാർത്ഥിക്കുക. നിന്നെ പരാജയത്തിലേക്ക് നയിക്കുന്ന നിഷേധ ത്തിലേക്ക് നീ നീങ്ങരുത്. കാരണം അവരുടെ ചില പദങ്ങൾ നിനക്ക് മനസ്സിലാവാത്ത സൂചനാവാക്കുകളാകാം. അവ യഥാർത്ഥത്തിൽ പരിശുദ്ധ ഖുർആനിന്റെയോ തിരുസു ന്നത്തിന്റെയോ ആന്തരികാർത്ഥങ്ങളോട് യോജിക്കുന്നതായിരിക്കും. ഇതാണ് ഋജുവായ പാത. രക്ഷപ്പെടാൻ യോഗ്യമായ വഴി. നേരായ മാർഗ്ഗം.(തഫ്രീഹുൽ ഖാത്വിർ)

പ്രിയ വായനക്കാരെ, ഔലിയാക്കളായി അറിയപ്പെട്ട ആളു കളെ എന്തെങ്കിലും ആരോപണ ങ്ങൾ പുറത്ത് നിന്ന് കേട്ടതിന്റെ അടിസ്ഥാനത്തി ലോ അല്ലെങ്കിൽ തനിക്ക് കിട്ടിയ മത വിജ്ഞാ നങ്ങൾ തന്നെ മതി എന്ന വിശ്വാസത്തിലോ എതി ർക്കാൻ തുനി ഞ്ഞാലുണ്ടാകുന്ന അവസ്ഥയാണ് ഈ ചരിത്രത്തിലൂടെ നാം പഠിച്ചത്.

ആലോചിച്ചു നോക്കു, ഇന്നുള്ള കേരളീയ പണ്ഡിതരിൽ ഭൂരിഭാഗവും ഔലിയാക്കളെ സമീ പിക്കുന്നത് ആദ്യത്തെ രണ്ട് ചോദ്യവുമായാണ്. പുറമെ അവർ താഴ്മ കാണിച്ചാലും ഉള്ളിലിരുപ്പ്

മറ്റൊന്നാണ്. പിന്നീടുള്ള അവരുടെ സമീപനങ്ങളും അഭിപ്രായ പ്രകടനങ്ങളും ഇതിന് മതിയായ തെളിവാണ്. ഒന്നുകിൽ അയാളെ ഞാനാണ് ഉത്തരം മുട്ടിച്ചതെന്ന് വരുത്താൻ കിണഞ്ഞ് ശ്രമി ക്കുന്ന ഇബ്നുസഖാമാർ. അല്ലെങ്കിൽ എന്താണ് സംഭവിക്കുന്നതെന്ന് നോക്കട്ടെ, ചില ചോദ്യങ്ങൾ ചോദിച്ച് നോക്കട്ടെ എന്ന ചിന്തയിൽ വരുന്നവർ. രണ്ട് കൂട്ടർക്കും അർഹിക്കുന്ന ശിക്ഷ കിട്ടുന്നുണ്ട്. അവർ അറിയുന്നില്ലെന്ന് മാത്രം. ചിലരുടെ ഈമാൻ തന്നെ ഊരപ്പെടുന്നു. സദാസമയവും ഹൃദയത്തിലും ശ്വാസത്തിലും ആത്മാവിലും പരിശുദ്ധ തൗഹീദ് കൊണ്ട നടക്കുന്ന യഥാർത്ഥ മുഅ്മിനുകളെ ഈമാനില്ലാത്തവരാണെന്ന് വിശേഷിപ്പിക്കാൻ അവർ ധൈര്യം കാണി ക്കുന്നു. അതോടെ അത് അവർക്ക് തന്നെ തിരിച്ചടിയാകുന്നു.

മറ്റു ചിലർ അല്പം അദബ് പാലി ക്കുന്നു. അതിനനുസരിച്ച് മാറ്റം കാണുന്നു. എപ്പോഴും ദുനിയാവിന്റെയും മറ്റു സ്വത്തു ക്കളു ടേയും ചിന്തയിൽ മുഴുകിയതിനാൽ സദാസമയവും ദിക്റിലാകാൻ പ്രയാസപ്പെടു ന്നു. എന്നല്ല, ആ ദിക്റ് ആത്മാവിലേക്കും ഹൃദയ ത്തിലേക്കും സന്നിവേശിപ്പിക്കാൻ സാധിക്കാതെ പ്രയാസപ്പെടുന്നു. അല്ലാമ ഇബ്നു അബീ ഇസ്റൂനിന് ഇത് പിന്നീടെങ്കിലും ബോധ്യ പ്പെട്ടു. താഴ്മയും മറ്റുള്ളവരോടുള്ള ഗുണകാംക്ഷയും കാരണ ത്താൽ അദ്ദഹം അത് ജനങ്ങളെ അറിയിച്ചു. ഇത് രണ്ടും തീരെ ഇല്ലാത്ത ഇക്കാലത്തെ ബാഹ്യ പണ്ഡിതർക്ക് എന്നാണിത് ബോധ്യ പ്പെടുക. ബോധ്യപ്പെട്ടാൽ തന്നെ പുറത്ത് പറയില്ലല്ലോ..

കേരളത്തിൽ ഇന്നറിയപ്പെട്ട സർവ്വ ത്വരീഖത്തുകളേയും അവയുടെ ശൈഖുമാരേ യും നിശിതമായി വിമർശിച്ച് പുസ്തക രചന നടത്തി വീമ്പ് പറയുന്ന മഹാമണ്ടന്മാരുടെ അവസ്ഥ വിഭിന്നമല്ല. ശൈഖ് മുരീദ് ത്വരീഖത്ത് എന്നൊക്കെ കേൾക്കുന്നത് തന്നെ വഹാബി കളെ പോലെ ഇവർക്ക് അരോചകമാണ്. ജനങ്ങളെ ബോധവൽക്കരിക്കാൻ എന്ന പേരിലാണിവർ ഇറങ്ങിത്തിരിക്കു ന്നത്. എന്നാൽ പരാജയത്തിന്റെ പടുകുഴിയിലേക്ക് സ്വയം

നിപതിക്കുന്നത് അവർ അറിയുന്നില്ല താനും.

ഇബ്നുസ്സഖായെ തേടിയെത്തിയ ദുശി ച്ച വർത്തമാനങ്ങൾ ഇവരെയും തേടിയെത്തു മെന്നത് തീർച്ചയാണ്. യഥാർത്ഥ ഔലിയാക്ക ളെ തിരിച്ചറിയാൻ കഴിയാത്തവർ ഇവിടെ നെല്ലും പതിരും വേർത്തിരിക്കാൻ നിൽക്കേണ്ട ല്ലോ..മറ്റുള്ളവർ ഈമാനിൽ നിന്ന് പുറത്തു പോകുമോ എന്ന ഭയവും അവരോടുള്ള ഗുണകാംക്ഷയും കാരണത്താലാണത്രേ ഈ കപട പണ്ഡിതർ ഇറങ്ങിത്തിരിക്കുന്നത്. സ്വന്തം ഈമാൻ നഷ്ടപ്പെടുമെന്ന ഭയം ഇവർക്കില്ലേ?

യഥാർത്ഥത്തിൽ ഗുണകാംക്ഷയൊന്നുമല്ല അവരെ ഇറക്കി വിടുന്നത്. മറിച്ച് സ്ഥാന മോഹവും പണവുമാണെന്ന് പറയാതിരി ക്കാൻ നിർവ്വാഹമില്ല.

അവരിൽ ചിലർ ഇങ്ങനെ സമാധാനിക്കാറുണ്ട്: അല്ലാഹു വിന്റെ ദീൻ യഥാവിധം കൊണ്ട് നടക്കാൻ ജനങ്ങളെ പഠിപ്പി ക്കുകയും പ്രേരിപ്പി ക്കുകയും ചെയ്യുന്നവരാണ് തങ്ങൾ. ബാഹ്യമായ ശരീഅത്ത് നിയമങ്ങൾ പഠിപ്പിക്കുന്നതിനിടയിൽ വളരെ സങ്കീർ ണ്ണവും ദുർഘടവുമായ തസവ്വുഫിന്റെ ആളുകളെന്ന് പറഞ്ഞ് നട ക്കുന്നവരെ എതിർ ക്കൽ സ്വാഭാവികം മാത്രം. അങ്ങനെ എതിർക്കു ന്നത് ദീനിന് വേണ്ടിയായതിനാലും തസവ്വുഫിലേയും ത്വരീഖ ത്തിലേയും യഥാർത്ഥക്കാരെ തിരിച്ചറിയൽ പ്രയാസകരമായ തിനാലും തങ്ങൾക്ക് ഒന്നും സംഭവിക്കില്ല. ഞങ്ങൾ ഉദ്റ് ഉള്ള വരാണ്.

ഈ ന്യായീകരണം ദുനിയാവിലും അതിന്റെ ആളു കൾക്കിടയിലും വിലപോയേക്കാം. എന്നാ ൽ നാളെ ആഖിറത്തിലോ അതിന്റെ ആളുക ൾക്കിടയിലോ ഇത് ന്യായമല്ല. ബഹുമാനപ്പെട്ട ഇബ്നു ഹജറിൽ ഹൈതമി(റ)വിനോട് ഒരു ചോദ്യമുയർന്നു: ഫുഖഹാക്കളിൽ ചിലർ ചില സൂഫികളെ മുഴുവനായോ ഭാഗികമായോ മിവർശി ച്ച് കാണുന്നു. നിഷേധിച്ച് കാണുന്നു. അവർ

ഇവ്വിഷയത്തിൽ ന്യായമുള്ളവരാണോ?

മഹാനവർകൾ പറഞ്ഞത് ഇപ്രകാരമാണ്: അല്ലാഹുവിലുള്ള ഭയവും ബുദ്ധിയുമുള്ള ഓരോരുത്തരും ചെയ്യേണ്ടത് സൂഫികളെയും ഔലിയാക്കളെയും നിഷേധിക്കുന്നതിൽ പെട്ട് പോകാതിരിക്കലാണ്. കാരണം ആ നിഷേധം കൊന്ന് കളയുന്ന വിഷമാണ്. ഇബ്നുസഖായുടെ ചരിത്രം വീണ്ടും എടുത്ത് വെച്ചിട്ടാണ് മഹന വർകൾ സംസാരിക്കുന്നത്. ഇബ്നുസഖാ അക്കാലത്തെ പണ്ഡിത രിൽ വിവരം കൊണ്ടും പ്രസിദ്ധി കൊണ്ടും ഖലീഫയോടുള്ള അടുപ്പം കൊണ്ടു മെല്ലാം ഉന്നതനായിരുന്നു. ഈമാനില്ലാതെ ചാകു ന്നതിലേക്ക് അവനെ എത്തിച്ചത് മനസ്സിനു ള്ളിലെ നിഷേധവും നാവ് കൊണ്ടുള്ള ഒരുവാക്യവുമാണ്. ആ വലിയ്യിന് ഒരിക്കലും ഉത്തരം പറയാൻ കഴിയാത്ത ഒരു ചോദ്യം ഞാൻ ചോദിക്കുമെന്ന വാക്യം.(ഫതാവൽ ഹദീസിയ്യ: 331)

ഇന്നത്തെ പണ്ഡിതന്മാർ സാധാരണയായി ഇത്തരക്കാരുടെ അടുത്ത് പോകുന്നത് തന്നെ ഇതേ അവസ്ഥയിലാണെന്ന് നാം പറഞ്ഞു. എന്തായി രിക്കും അവരുടെ അവസ്ഥ. ഇബ്നുസ്സഖായുടെ പരാജയത്തിന് ഹേതുകമായ ആ സംഭവത്തിന് ശേഷം അയാൾ ഒറ്റയടിക്ക് ക്രിസ്ത്യാനിയായി മാറിയിട്ടില്ല. മറിച്ച് സ്റ്റേജുകളിൽ ഖുർആൻ പണ്ഡിതനായി അവരോധിതനാവുകയായിരുന്നു. ആ ഭാഗങ്ങളിൽ സ്വാധീനമുണ്ടായിരുന്ന ക്രിസ്ത്യാനിസത്തിനെതിരെ അടരാടി ഇസ് ലാം ദീനിന് അഭിമാനമുണ്ടാക്കാൻ വാദപ്രതി വാദങ്ങൾക്കും മുഖാമുഖങ്ങൾക്കും നേതൃത്വം കൊടുത്തിരുന്നത് അയാളായിരുന്നു. ക്രിസ്ത്യാ നികളുടെ ഓരോ വാദങ്ങളുടെയും മുനയൊ ടിച്ച് മുന്നേറിയ അവൻ കേവലം ഒരു വികാര ത്തിൽ ക്രിസ്ത്യാനിയായി മാറി. ന്യായങ്ങ ളൊന്നുമില്ല. പക്ഷെ, അവന്റെ ഈ ദുഷ്ചെ യ്തി കാരണമായി അല്ലാഹു അവന്റെ മനസ്സ് മാറ്റി. അല്ലാഹു കാക്കട്ടെ.

ഇബ്നുഹജർ(റ) തുടരുന്നു: തന്റെ കാലത്തെ ശാഫിഈ

പണ്ഡിതരുടെ മുഴുവൻ നേതാവായിരുന്ന അബൂ ഇസ്റൂനിന്റെ പെരുമാ റ്റത്തിൽ വളരെ ചെറിയൊരു അദബ് കേട് ആ മഹാനോട് വന്നതിന് അതിനനുസരിച്ചുള്ള ഒരു പരീക്ഷണം നൽകപ്പെട്ടു. ഖലീഫ നൂറുദ്ദീൻ ശഹീദ് എന്നവർ ഡമസ്കസിലെ ഔഖാഫിന്റെ ഉത്തരവാദിത്വം ഏൽപ്പിച്ചു.(ഫതാവ) എന്നു വെച്ചാൽ, ഇബാദത്തുകളിൽ മെയ്യും മനസ്സും ചെലവഴിക്കേണ്ടിയിരുന്ന മഹാനവർകളെ അതിന് പൂർണ്ണാർത്ഥത്തിൽ കഴിയാത്ത വിധം ഈ അധികാരം ആക്കിത്തീർത്തു. യഥാർത്ഥത്തിൽ ഇസ്ലാമിന്റെ ഉന്നതരായ ഖുലഫാ ഉർറാശിദുകൾ ഭരണത്തിലിക്കുമ്പോഴും ഏതെല്ലാം ക്രിയവിക്രിയങ്ങളിൽ അവർ വ്യാപൃതരാകുമ്പോഴും അവരുടെ മനസ്സ് കലിമത്തു ത്തഖ്വയിൽ നിന്ന് അണുമണിത്തൂക്കം തെറ്റിയിരുന്നില്ല.യഥാർത്ഥ മുഅ്മിനുകൾ ഇതേ അവസ്ഥയിൽ വരേണ്ടവരാണ്. അതിന് ഭംഗം വരുന്ന അവസ്ഥയെ മുൻകാല പണ്ഡിതന്മാരും ആത്മജ്ഞാനികളും ഭയപ്പെട്ടിരുന്നു. അത് തന്നെയാണ് ഇബ്നു അബീ ഇസ്റൂൻ എന്ന വർക്കും പറ്റിയത്. അല്ലാതെ ഭരണം ഏൽപ്പിക്കപ്പെട്ടത് മാത്രമല്ല. ഭരണം ഖലീഫമാക്കും ഉണ്ടായിരുന്നല്ലോ..കച്ചവടവും ബിസിനസ്സും സിദ്ദീഖ്(റ), ഉസ്മാൻ(റ) അബ്ദുർറഹ്മാനുബ്നു ഔഫ്(റ) തുടങ്ങിയ ഉന്നതരായ സ്വഹാബത്തിന് ഉണ്ടായിരുന്നല്ലോ..ഇബ്നു അബീ ഇസ്റൂൻ ചെയ്തത് നമ്മുടെ കാഴ്ചപ്പാടിൽ തെറ്റല്ലാത്ത ഒരു കാര്യമാണ്. ഇമാം ശഅ്റാനി വ്യക്തമാക്കുന്നത് പോലെ അവർ കാണാൻ പോയ ശൈഖ് ഏതെങ്കിലുമൊരു കറാമത്ത് കാണിച്ചു തന്നാലേ ഞാൻ അദ്ദേഹത്തെ വിശ്വസിക്കൂ എന്ന് പറഞ്ഞതാണ് പ്രശ്നമായത്. (ലവാഖിഹ്)

എന്നാൽ മഹാനാണെന്നും ഔലിയയാ ണെന്നും പറയപ്പെടുന്ന ആളുകളുടെ അടുത്തേക്ക് പോകുമ്പോൾ , ആത്മജ്ഞാനികളുടെ നേതാവായ ശൈഖ് ജീലാനി(റ)വിനെയാണ് നാം മാതൃകയാ ക്കേണ്ടത്. അവിടുത്തെ അദബിന് അർഹമായ ദുആ

ആ മഹാൻ നടത്തി. ഔലിയാക്കളെ കാണാൻ പോകുമ്പോൾ അങ്ങനെ പോകണം. ഇത് വായിക്കുമ്പോൾ ബാഹ്യ പണ്ഡിതർ പറയും: അത് തന്നെയാണ് ഞങ്ങളും പറയുന്നത്. ഔലിയാക്കളെന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടവരെ കാണാൻ പോകുമ്പോൾ ഞങ്ങളും ഇങ്ങനെയാണ് ചെയ്യാറുള്ളത്. പക്ഷെ, നിങ്ങൾ ഔലിയാക്കളാണെന്ന് പറയുന്നവരെ ഞങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ലല്ലോ എന്നുമവർ പറയുന്നു.

ഇവരോട് നമുക്ക് പറയാനുള്ളത്, നമുക്ക് ബോധ്യപ്പെടലും ബോധ്യപ്പെടാതിരക്കലുമല്ല ഔലിയ ആവാനുള്ള മാനദണ്ഡം. വഹാബികളും പറയു ന്നത് ഇതേ പ്രകാരം തന്നെയല്ലേ.. ഔലിയാക്കളെ ഞങ്ങളും അംഗീകരിക്കുന്നു. പക്ഷെ, നിങ്ങൾ ഔലിയാക്കളാണെന്ന് പറയുന്നവരെ ഞങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ല. അത് കൊണ്ട് അവരെ ഞങ്ങൾ എതിർക്കുന്നു. ഇതൊരു ദുർവാശിയാണ്. ഇബ്നു സഖായും ഇബ്നു അബീ ഇസ്റൂനും ഔലിയാ ക്കളെ അംഗീകരിക്കാത്തവരുമല്ല. ഇബ്നു സഖാ പോലും ഇപ്പോഴത്തെ ബാഹ്യ പണ്ഡിതരേക്കാൾ ഇവ്വിഷയത്തിൽ ഒരു പടി മുന്നിലായിരുന്നു. കാരണം ഇപ്പോഴത്തെ പണ്ഡിതർ മരണപ്പെട്ട ഔലിയാക്കളെ മാത്രമേ അംഗീകരിക്കൂ. അവരെ മാത്രമേ സിയാറത്ത് ചെയ്യാൻ പോകൂ. എന്നാൽ ബഗ്ദാദിലെ പ്രസിദ്ധ വിജ്ഞാന കേന്ദ്രമായ നിളാമിയ്യ യൂണിവേഴ്സിറ്റിയിൽ വെച്ച് ഇബ്നുസഖായോട് കൂട്ട് കൂടിയ ഇബ്നു അബീ ഇസ്റൂൻ ജീവിച്ചിരിക്കുന്ന ഈ ഗൗസ് എന്നറിയപ്പെടുന്ന വലിയ്യിനെ കാണാൻ പോയ ചരിത്രം വിവരി ക്കുന്നതിന്റെ തുടക്കത്തിൽ പറയുന്നു: ഞങ്ങൾ സ്വാലിഹുകളെ സന്ദർശിക്കാൻ പോകാറുണ്ടായിരുന്നു. എന്ന് വെച്ചാൽ തങ്ങൾക്ക് ബോധ്യ പ്പെട്ടിട്ടില്ലെങ്കിലും സ്വാലിഹാണെന്ന് അറിയപ്പെട്ട വരെ സന്ദർശിക്കാൻ ഞങ്ങൾ പോകാറുണ്ടായി രുന്നു. ഈ ഗൗസ് സ്വാലിഹും ഉന്നതനു മാമെന്ന് ആദ്യമേ ബോധ്യപ്പെട്ടിരുന്നുവെ ഹ്കിൽ വലിയ പണ്ഡിതരായിരുന്ന ഇവർ ഈ ചോദ്യം

ചോദിക്കൽ കർമ്മത്തിന് മുതിരുമായിരുന്നില്ലല്ലോ.. കുഴിയിലേക്ക് അറിയാതെ വീണാലും വേദനയാകുമെന്ന് സാധാരണ പറയാറുണ്ട്. ഞാൻ അറിയാതെ വീണു പോയതല്ലേ, പിന്നെയെന്തിന് വേദനയാകുന്നു എന്ന് ചോദിച്ചിട്ട് കാര്യമില്ല. എന്നപോലെ ഔലിയയാണെന്ന് അറിയാതെ അവരെ എതിർത്താലും പ്രശ്നം ഗുരുതരം തന്നെ.

നബിമാർ വന്നപ്പോഴും ഇതു തന്നെയായിരുന്നില്ലേ അവസ്ഥ. ശത്രുപക്ഷത്തെ നേതാ ക്കളിൽ പലർക്കും ഈ വന്നിരിക്കുന്നത് നബി യാണെന്ന് ബോധ്യപ്പെട്ടിട്ടും സ്ഥാന മോഹത്താൽ എതിർക്കുന്നതായിരിക്കും. എന്നാൽ ആനബിയുടെ നാട്ടിലും അയൽ പ്രദേശങ്ങ ളിലുമായി താമസിക്കുന്ന അനുയായി വൃന്ദത്തി ൽ ധാരാളം പേർ നേതാവ് പറയുന്നത് നൂറ് ശതമാനം വിശ്വസിക്കുന്നവരായിരുന്നില്ലേ. എല്ലാവരും ആ നബിയെ അടുത്തറിഞ്ഞ് എതിർ ത്തതല്ലല്ലോ.. പക്ഷെ, കാഫിറുകളിലും നിഷേ ധികളിലും അവരും ഉൾപ്പെട്ടു.

നാം മുൻകാലത്ത് ഏതെങ്കിലും പ്രവാചകന്റെ കാലത്താണെന്ന് സങ്കൽപ്പിച്ചു നോക്കൂ. ചെറുപ്പം മുതലേ പഠനത്തിലോ കച്ചവട ത്തിലോ നമ്മുടെ കൂടെയുണ്ടായിരുന്നഒരാൾ ഒരു സുപ്രഭാതത്തിൽ“ എനിക്ക് അല്ലാഹുവി ന്റെ വഹ്യ് കിട്ടിയിട്ടുണ്ടെന്നും എല്ലാവരും അല്ലാഹുവിനെ അനുസരിക്കുന്നതോടൊപ്പം എന്നെയും അനുസരിക്കണം” എന്നും പറഞ്ഞാ ൽ നമ്മിൽ എത്ര പേർ അത് അംഗീകരിക്കും. എന്തെങ്കിലും മുഅ്ജിസത്ത് കാണിച്ചാലും നാം അയാളെ പരിഹസിക്കാനല്ലേ മുതിരുക. അദ്ദേ ഹത്തോട് ചെറിയൊരു വിയോജിപ്പെങ്കിലും വരാൻ അത് കാരണമാവില്ലേ..ഇവിടെ മഹാനായ സിദ്ദീഖുൽ അക്ബർ(റ)വിന്റെ മഹത്വം വേറിട്ട് കാണുന്നു. തിരു നബി(സ)യോടു കൂടെയുള്ള സഹവാസവും ചങ്ങാത്തവും പക്ഷെ നബി യാണെന്ന് വാദിച്ചപ്പോഴും വിട്ടില്ല. മാത്ര മല്ല ഒന്നാമതായി

അംഗീകരിക്കാനുള്ള ഭാഗ്യവു മുണ്ടായി.

അല്ലാഹുവിന്റെ അമ്പിയാക്കളുടെ ശൃംഖല അവസാനിച്ചു. അവരുടെ പിൻഗാമികളായി ഔലിയാക്കൾ വരുമ്പോഴും അവരോട് ശത്രുത കാണിക്കലും ആരോപണങ്ങളും ഊഹാപോഹങ്ങൾ പരത്തലും സാധാരണയാണ്. നാട്ടിൽ സ്വാധീനമുള്ള നേതാക്കളുടേയും ബാഹ്യ പണ്ഡിതരുടെയും എതിർപ്പ് സ്വാഭാവികം. ഓരോ നബിമാർ വന്നപ്പോഴും അവിടെ അതുവരെ വാണിരുന്ന പണ്ഡിതരാണ് എതിർത്തത്. ഓരോ ഔലിയാക്കൾ വന്നപ്പോഴും സ്ഥിതി ഇതു തന്നെ. ബാഹ്യ പണ്ഡിതർ എതിർക്കും. അത് അല്ലാഹു മുമ്പേ പാലിച്ചു പോന്ന ഒരു ചര്യയാണ്.

ആത്മജ്ഞാനികലായ ശൈഖുമാർ പറഞ്ഞിട്ടുണ്ട്:

ഔലിയാക്കളെ നിഷേധിക്കുന്നവന് കിട്ടുന്ന ഏറ്റവും ചെറിയ ശിക്ഷ, അവരുടെ ബറകത്ത് അവന് തടയപ്പെടുമെന്നു ള്ളതാണ്.എന്നു പറഞ്ഞാൽ അറിഞ്ഞോ അറിയാതെയോ ഒരു മഹാനെ നാം പരിഹസിച്ചാൽ,ആക്ഷേപിച്ചാൽ സ്വാലിഹീങ്ങളിൽ നിന്നും ഔലിയാക്കളിൽ നിന്നും കിട്ടേണ്ട ബറകത്ത് നമുക്ക് നഷ്ടപ്പെടും. മാത്രമല്ല അവർ പറയുന്നു: അവന്റെ അന്ത്യം മോശമായിരിക്കും. നഊദുബില്ലാ

ശൈഖും ത്വരീഖത്തും കേൾക്കുമ്പോഴേക്ക് ചാടിവീണ് എതിർക്കുന്ന വ്യാജ പണ്ഡിതർ ക്കെതിരെ മുൻകാല സൂഫികളിൽ ചിലർ പറയുന്നു:

من رأيتموه يؤذى الأولياء وينكر مواهب الأصفياء

فاعلموا انه مُحارب لله مبعد مطرود عن حقيقة قرب الله

ഔലിയാക്കളെ ബുദ്ധിമുട്ടിക്കുകയും ഹൃദയ വിശുദ്ധി നേടിയ മഹാന്മാർക്ക് ലഭിക്കുന്ന ആത്മജ്ഞാനങ്ങളെ നിഷേധിക്കുകയും ചെയ്യുന്ന ആരെയെങ്കിലും കണ്ടാൽ അവൻ അല്ലാഹുവിനാൽ യുദ്ധം പ്രഖ്യാപിക്കപ്പെട്ടവനാണെന്നും അവന്റെ റഹ്മത്തിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടവനാണെന്നും ഉറപ്പി

ക്കാം.(ഫതാവൽ ഹദീ സിയ്യ:331)

മഹാന്മാരായ പണ്ഡിതർ പറഞ്ഞിട്ടുണ്ട്: രണ്ടേ രണ്ട് വിഭാഗത്തോട് മാത്രമാണ് അല്ലാഹു യുദ്ധം പ്രഖ്യാപിച്ചിട്ടുള്ളത്. ഒന്ന്, ഔലി യാക്കളെ എതിർക്കുന്നവർ. രണ്ട്, പലിശ തിന്നു ന്നവർ. കാഫിറിനേടല്ലാതെ അല്ലാഹു യുദ്ധം പ്രഖ്യാപിക്കുകയില്ലല്ലോ എന്നതിനാൽ ഈ രണ്ട് വിഭാഗവും അന്ത്യസമയത്തെ പരാജയം പേടിക്കണം.(ഫതാവ)

ചുരുക്കത്തിൽ പണ്ഡിതരെന്ന് സ്വയം അഭിമാനിക്കുന്ന അഭിനവ പണ്ഡിതർ ഒന്ന് പുനർ വിചിന്തനം നടത്തേണ്ട സമയം അതിക്ര മിച്ചിരിക്കുന്നു. ഒരാൾക്കെങ്കിലും ഈമാൻ നഷ്ടപ്പെടാൻ നാം കാരണക്കാരായിക്കൂടാ. നിങ്ങൾ പറയുന്ന ആളെ കണ്ട മാത്രയിൽ തന്നെ അയാൾ ശൈഖല്ലെന്ന് എനിക്ക് ബോധ്യ പ്പെട്ടുവെന്ന് കമന്റടിക്കുന്നതിന് ചിലപ്പോൾ കരഘോഷങ്ങളോ, തക്ബീറുകളോ കിട്ടിയേക്കാം. പക്ഷെ ആത്യന്തിക പരാജയ ത്തിലേക്കായി രിക്കും അത് വഴിയൊരുക്കുക.

യഥാർത്ഥ ശൈഖിനെ കിട്ടാനോ വേർതിച്ചറിയാനോ വേണ്ടി ഒന്നും ചെയ്യാത്ത, ഒരു രിയാളയും വീട്ടാതെ വിടുവായത്തങ്ങൾ പറഞ്ഞ് നടക്കുന്ന വരുടെ കാര്യം സഹതാപകരം തന്നെ.

അല്ലാഹുവിന്റെയും അവന്റെ ആളുകളുടേയും കാര്യങ്ങൾ ഒന്നും തന്നെ അറിയാത്ത ഒരു സാധുവാണ് ഞാനെന്ന ഒരു സാധാരണക്കാരന്റെ ചെറിയ ചിന്തയെങ്കിലും മനസ്സിന്റെ ഉള്ളിൽ ഇത്തരം ചിന്തകൾകപടർക്ക് ഉണ്ടായിരുന്നെങ്കിൽ അവർ ഇതിന് മുഴുകുകയില്ല. പക്ഷെ, ആ ചിന്ത വരണ്ടേ, അല്ലാഹു അവനെയും അവന്റെ ആരിഫീങ്ങളേയും അൽപമെങ്കിലും മനസ്സിലാക്കാൻ നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ.

# ഖുതുബുസ്സമാൻ പ്രതികരണങ്ങളും വസ്തുതയും

സൃഷ്ടികളെ നന്മയിലേക്ക് വഴി നടത്തുന്നതിനായി കാരുണ്യവാനായ സ്രഷ്ടാവ് ഒരു ലക്ഷത്തിൽപരം നബിമാരെ ഈ ലോകത്തേക്ക് അയച്ചിട്ടുണ്ട്. ഓരോ നബിയും അവരുടെ ജീവിത കാലത്ത് തന്റെ പ്രബോധിത ജനങ്ങൾക്ക് നേർവഴി കാണിച്ചുകൊടുക്കുകയും അതേ മാർഗ്ഗത്തിലായി ജീവിക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ പഠിപ്പിക്കുകയും ചെയ്ത് അവരുടെ കടമ നിർവ്വഹിച്ചു. എല്ലാ നബിമാർക്കും ശത്രുക്കളുണ്ടായി. ജനങ്ങൾ അതുവരെ ശരിയാണെന്ന് മനസിലാക്കി വെച്ചിരുന്ന പല ആശയാദർശങ്ങളും തെറ്റാണെന്നും അതുവരെ നേതാക്കളാണെന്ന് വിശ്വസിച്ച് പോന്നിരുന്നവർ കള്ളന്മാരും കൊള്ളരുതാത്തവരും അസത്യത്തിന്റെ വാക്താക്കളുമാണെന്നും  നിർഭയം തുറന്ന് പറഞ്ഞതായിരുന്നു കാരണം. ചില നബിമാർക്ക് ധാരാളം അനുയായികളുണ്ടായി. വേറെ ചില നബിമാർക്ക് വിരലിലെണ്ണാവുന്ന അനുയായികളേ ലഭിച്ചുള്ളൂ. വിശ്വാസികളായി വന്ന ചില അനുയായികൾ തന്നെ കൂറുമാറുക പോലുമുണ്ടായി.

കാലങ്ങൾ നീങ്ങി. നബിമാരുടെ ഉന്നത ശ്രേണിക്ക് വിരാമമിട്ടുകൊണ്ട് അന്ത്യപ്രവാചകർ മുഹമ്മദ് മുസ്ഥഫാ(സ) തങ്ങൾ നിയോഗിത്തായി. ബന്ധുക്കളും സ്നേഹിതരുമടങ്ങുന്ന ജനസഞ്ചയത്തെ സത്യ ദീനിലേക്ക് ക്ഷണിച്ചു. പ്രവാചകരിൽ നിന്ന് നേരിട്ട് പ്രകാശം സ്വീകരിക്കാൻ അല്ലാഹു നിശ്ചയിച്ചത് ഒരു ലക്ഷത്തിൽ പരം സ്വഹാബികളെയായിരുന്നു. താബിഉകൾക്ക് ദീൻ പരിചയപ്പെടുത്തിയതും നേർരേഖയിൽ അവരെ നയിച്ചതും പ്രസ്തുത സ്വഹാബി വര്യരായിരുന്നല്ലോ.

ലോകത്ത് വ്യത്യസ്ത രാഷ്ട്രങ്ങളിലുണ്ടായിരുന്ന കോടിക്കണക്കിന് ജനങ്ങളിൽ തങ്ങളുടെ വിളിയാളം കേട്ട് വന്ന് വിശ്വസിച്ചവരുടെയും വിശ്വസിക്കാൻ ഭാഗ്യം ലഭിക്കാത്തവരുടെയും അവസ്ഥ തുലനം ചെയ്ത് നോക്കൂ. സത്യ ദീനിന്റെ പ്രബോധനാർത്ഥം പ്രവാചകൻമാർ നിയോഗിതരായ പോലെ അവരുടെ പിൻഗാമികളായ അല്ലാഹുവിന്റെ പ്രതിനിധികൾ ആ ദൗത്യം ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. അതായത് പ്രവാചകത്വത്തിന് പരിസമാപ്തിയായെങ്കിലും അവിടുന്ന് കൊണ്ട് വന്ന് പ്രചരിപ്പിച്ച സത്യമതത്തിന്റെ പ്രബോധനാർത്ഥം ഓരോ കാലത്തും ജീവിച്ച് കൊണ്ടിരിക്കുന്ന കോടാനുകോടി ജനങ്ങളെ മോക്ഷത്തിന്റെ മാർഗ്ഗത്തിലേക്ക് കൈ പിടിച്ച് നയിക്കാൻ വേണ്ടി അല്ലാഹു എല്ലാ കാലത്തും ഒരു ലക്ഷത്തി ഇരുപത്തിനാലായിരം അടിമകളെ നിയോഗിക്കുന്നു. അവരെ നാം ഔലിയാക്കളെന്ന് വിളിക്കുന്നു.(റൂഹുൽ ബയാൻ)

ഒന്നേകാൽ ലക്ഷം വരുന്ന അമ്പിയാക്കളിൽ നിന്ന് മുന്നൂറ്റിപ്പതിമൂന്ന് മുർസലുകളെ തെരെഞ്ഞെടുത്ത പോലെ, ഒന്നേക്കാൽ ലക്ഷം സ്വഹാബികളിൽ നിന്ന് മുന്നൂറ്റിപ്പതിമൂന്ന് ബദ്‌രീങ്ങളെ തെരെഞ്ഞെടുത്ത പോലെ ഇത്രയും ഔലിയാക്കളിൽ നിന്ന് തെരെഞ്ഞടുക്കപ്പെട്ട ഇത്രതന്നെ അംഗങ്ങളുള്ള പ്രത്യേക വിഭാഗവും അവരിൽ നിന്ന് വീണ്ടും തെരെഞ്ഞെടുക്കപ്പെടുന്ന നാൽപ്പത് ഔലിയാ

ക്കളും ആ നാൽപ്പതിൽ നിന്ന് വീണ്ടും തെരെഞ്ഞെടുക്കപ്പെടുന്ന ഏഴ്പേരും അതിൽ നിന്ന് വീണ്ടും തെരെഞ്ഞെടുക്കപ്പെടുന്ന മൂന്ന് പേരും അവരിൽ നിന്ന് വീണ്ടും തിരഞ്ഞെടുക്കപ്പെടുന്ന ഖുത്ബും എല്ലാ കാലത്തുമുണ്ടാകുക തന്നെ ചെയ്യും.

ഒരു മഹാനെക്കുറിച്ച് ഖുതുബാണെന്ന് നാം വിശേഷിപ്പി ക്കുമ്പോൾ അന്ന് ജീവിച്ചിരിക്കുന്ന ഒരു ലക്ഷത്തി ഇരുപത്തിനാലാ യിരം ഔലിയാക്കളുടെ നേതൃസ്ഥാനം വഹിക്കുന്നയാളാണ് അദ്ദേഹം എന്നർത്ഥം. മലപ്പുറം ജില്ലയിലെ മമ്പുറത്ത് അന്ത്യവിശ്രമം കൊള്ളുന്ന മൗലദ്ദവീല സയ്യിദ് അലവി(റ) നെക്കുറിച്ച് നാം ഖുത് ബുസ്സമാൻ എന്ന് പറയാറില്ലേ? ഖുത്ബുസ്സമാൻ എന്നാൽ കാല ത്തിന്റെ ഖുത്ബ് എന്നർത്ഥം. ആ സ്ഥാനം കിട്ടിയത് മുതൽ വഫാത്ത് വരെ കേരളക്കാരനായ മഹാനവർകളായിരുന്നു ഔലി യാക്കളുടെ നേതാവ്. ഇവരിൽപെട്ട ആര് മരണം വരിച്ചാലും തൊട്ടുതാഴെ സ്ഥാനത്ത് ഇരിക്കുന്നവരിലൊരാളെ മേൽ പറഞ്ഞ പോലെ തെരെഞ്ഞെടുത്ത് മരണപ്പെട്ടയാളുടെ പദവിയിൽ അവരോ ധിക്കുകയാണ് പതിവ്. നമുക്കറിയാത്തതും സർവ്വ ശക്തന്റെയടു ക്കൽ സുനിശ്ചിതവുമായ തത്വങ്ങൾ ഇതിന്റെയൊക്കെ പിന്നിൽ ഒളി ഞ്ഞിരിക്കുന്നുണ്ടാവുമെന്ന് നാം തിരിച്ചറിയണം. ഇതിന്റെ മാനദണ്ഡ ങ്ങളോ നിബന്ധനകളോ ഓരോ സ്ഥാനത്തിരിക്കുന്നവരുടെ ശ്രേഷ്ഠ തകളോ നമുക്കറിയില്ല. കാരണം മഹാനായ ഗൗസുൽ അഅ്ളം മുഹ്യിദ്ദീൻ ജീലാനി(റ) ഒരു പുതുമുസ്‌ലിമിനെ അബ്ദാലിലൊ രാളാക്കി മാറ്റിയത് ചരിത്രത്തിൽ രേഖപ്പെട്ട് കിടക്കുന്നുണ്ടല്ലോ.

നാം ജീവിച്ചിരിക്കുന്ന ഈ കാലത്തിലും ഒരു ലക്ഷത്തി ഇരു പത്തിനാലായിരം ഔലിയാക്കളെ അല്ലാഹു നിയോഗിച്ചിട്ടുണ്ട്. ജനസമൂഹത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കുക എന്നതാണ് അവ രുടെ ദൗത്യം. അതവർ കൃത്യമായി നിർവ്വഹിച്ചു കൊണ്ടിരിക്കും. യാതൊരു വീഴ്ചയോ സമസൃഷ്ടി ഭയമോ കൂടാതെ അതവർ അഭം ഗുരം നിർവ്വഹിച്ചു കൊണ്ടേയിരിക്കും. കാരണം അവരുടെ മുൻഗാ

മികളായ മഹാരഥൻമാർ വഴി അല്ലാഹു ഏൽപ്പിച്ച മഹത്തായൊരു കർമ്മമാണിത്. മഹാൻമാരായ അമ്പിയാക്കളെ ഈ ദുനിയാവിലേക്ക് അല്ലാഹു നിയോഗിച്ചതിനെക്കുറിച്ച് പരിശുദ്ധ ഖുർആനിൽ പറയുന്നു.

رسلا مبشرين و منذرين لئلا يكون للناس
على الله حجة بعد الرسول (النساء)

“അല്ലാഹു ജനങ്ങളെ വിചാരണ ചെയ്യുന്ന സമയത്ത് അവർക്ക് അവനെതിരിൽ ഉന്നയിക്കാൻ യാതൊരു ന്യായവും ഇല്ലാതിരിക്കാനും സർവ്വവിധ പഴുതുകളും അടക്കാനുമായി സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പ് നൽകുന്നവരുമായ ദൂതൻമാരെ നാം കാലാകാലങ്ങളിൽ അയച്ചിട്ടുണ്ട്.” അഥവാ അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് ഉദ്ബോധിപ്പിക്കുവാനും സമസൃഷ്ടികളെ ആത്മീയമായി സംസ്കരിക്കാനുമായി കാലാകാലങ്ങളിൽ ദൂതൻമാരെ നിശ്ചയിക്കുക എന്ന ചര്യ അല്ലാഹു നിരന്തരം തുടർന്നിട്ടുണ്ട് എന്ന സത്യമാണ് ഈ ആയത്ത് അരക്കിട്ടുറപ്പിക്കുന്നത്.

അമ്പിയാക്കളെ തുടർന്ന് വന്ന ഔലിയാക്കളിലും ചരിത്രം ആവർത്തിക്കുകയാണ് ചെയ്തത്. ഏതൊരു സമൂഹവും ഉൽകൃഷ്ടമാവണമെങ്കിൽ ഔലിയാക്കളെ അനുസരിച്ചേ പറ്റൂ. അല്ലാത്തപക്ഷം ആ സമൂഹം പിശാചിന്റെ കെണിവലകളിൽ പെട്ട് പോവുകയും അല്ലാഹുവിങ്കൽ യാതൊരു തെളിവും അവകാശപ്പെടാനില്ലാതെ അധഃപ്പതിക്കുകയും ചെയ്യും. ഉമ്മത്ത് ഈ ദുരന്തത്തിൽ ചെന്ന് ചാടുന്നതിനെതിരിൽ ശക്തമായ പ്രതിരോധം തീർക്കുന്നവരാണ് അല്ലാഹുവിന്റെ യഥാർത്ഥ ഔലിയാക്കൾ. ഔലിയാക്കളുടെ നേതാവായ മഹാനായ ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽ ഖാദിരിൽ ജീലാനി(റ) പറഞ്ഞു.

“ഞാൻ ജനങ്ങൾക്കെതിരിൽ അല്ലാഹുവിന്റെയടുക്കൽ

സാക്ഷി നിൽക്കേണ്ടവനാണ്. മഹാനവർകൾ ഇവിടെ പ്രയോഗിച്ചത് 'ഹുജ്ജത്' എന്ന പദം തന്നെയാണ്. നാളെ വിചാരണ സമയത്ത് വല്ല കാര്യവും നാം നിഷേധിച്ചാൽ നമുക്കെതിരിൽ സാക്ഷി നിൽക്കാൻ ഈ ഔലിയാക്കളും  അമ്പിയാക്കളും മലക്കുകളുമു ണ്ടാകുമെന്നർത്ഥം. അതു കൊണ്ട് എന്നെ അനുസരിച്ച് സൽക്കർമ്മ ങ്ങളിൽ നിരതരാകൂ, ഇത്തരം പ്രഖ്യാപനങ്ങൾ മലയാളിയും ഖാദി രിയ്യ ത്വരീഖത്തിന്റെ ശൈഖുമായിരുന്ന ഖാസി മുഹമ്മദ്(ഖഃസി) അവർകൾ തന്റെ മുഹ്‌യിദ്ദീൻ മാലയിലൂടെ ഇങ്ങനെ പറ ഞ്ഞു തരു ന്നു.

"ആഖിറം തന്നെ കൊതിയുള്ള ലോകരെ
അവരെ മുരീദായിക്കൊള്ളുവീൻ അ പ്പോളെ"

ഔലിയാക്കളുടെ ഉന്നത ശ്രേണിയിൽ വിരാചിച്ച മറ്റൊരു മഹാനായ ശൈഖ് രിഫാഈ(റ)നെ ഉദ്ധരിച്ച് കൊണ്ട് അവിടുത്തെ മാലയിൽ കാണാം.

"എന്റെ ത്വരീഖത്തിൽ തുടരാത്തോർക്കൊക്കെയും
ഏറ്റം മുസ്വീബത്തവർക്കെന്ന് ചൊന്നോവർ."

മഹോന്നതനായ മറ്റൊരു ശൈഖായ ശൈഖ് ബഹാഉദ്ദീനി ന്നഖ്ശബന്ദി(റ) പറയുന്നു:

ومن يول وجهه عن طريقتي يخشى
عليه الكفر (نفحات الإنس٢-٥٣٤)

"എന്റെ ത്വരീഖത്തിൽ നിന്ന് ആരെങ്കിലും തിരിഞ്ഞു കള ഞ്ഞാൽ അവന്റെ മേൽ കുഫ്ർ ഭയപ്പെടണം."

ഇത് തന്നെയാണ് ഇക്കാലത്തെ ഔലിയാക്കളുടെ ഖുത്ബും മഹാൻമാരുടെ രാജാവും ശൈഖുമാരുടെ തേജപുഞ്ചവുമായ ആലു വയിൽ ജീവിച്ചിരിക്കുന്ന മഹാൻ ഖുത്ബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്തി അവർകളും പറയുന്നത്. പൂർണ്ണ മുഅ്മിനായി മരിക്കാനും ഹൃദയത്തിന്റെ കാപട്യം ഒഴിവാക്കാനും

യഥാർത്ഥ ഈമാൻ കൈവരിക്കാനും എന്നെ വന്ന് ബൈഅത്ത് ചെയ്യൂ എന്ന്.

മഹാനവർകൾ പറയുന്നു: "അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള സമ്മതം ലഭിച്ചതിനു ശേഷമാണ് ഞാൻ വിശുദ്ധ തൗഹീദിന്റെ സന്ദേശവുമായി പ്രബോധനത്തിനിറങ്ങിയിരിക്കുന്നത്. ധാരാളം ശൈഖുമാരിൽനിന്ന് വിവിധ ത്വരീഖത്തുകളുടെ ഖിലാഫത്ത്(സമ്മതാധികാരം) എനിക്ക് ലഭിച്ചിട്ടുണ്ട്. ഖാദിരിയ്യ ത്വരീഖത്തിന്റെ ഖിലാഫത്ത് കർണാടകയിലെ വാഡിയിൽ അന്ത്യ വിശ്രമം കൊള്ളുന്ന ശൈഖുൽ മശാഇഖ് സയ്യിദ് മുഹമ്മദ് ബാദ്ശാഹ് ഖാദിരി(റ) തങ്ങളാണ് നൽകിയത്.

അത്ഭുതങ്ങൾ കാണിച്ചിരിക്കുകയല്ല, ജനങ്ങളുടെ മരിച്ച ഹൃദയങ്ങളെ പൂർണ്ണ തൗഹീദ് നൽകി ജീവിപ്പിക്കുകയാണ് വേണ്ടതെന്ന് നബി(സ)യും അലി(റ)വും ഗൗസുൽ അഅ്ളം ശൈഖ്മുഹ്യിദ്ദീൻ(റ)വും മറ്റു ശൈഖുമാരും എന്നോട് പറഞ്ഞു. ഒഴിഞ്ഞിരുന്ന് അല്ലാഹുവിന് ഇബാദത്ത് ചെയ്ത് ജീവിക്കാൻ ആഗ്രഹിച്ച എന്നെ അവരാണ് പിടിച്ചിറക്കിയത്. അവരിലൂടെ ഏൽപ്പിക്കപ്പെട്ട ദൗത്യത്തിൽ നിന്ന് പിൻമാറുന്ന പ്രശ്നമേയില്ല.

ഞാൻ ആരെയും വേദനിപ്പിക്കുകയല്ല. യഥാർത്ഥ വേദനയകറ്റുകയാണ് ചെയ്യുന്നത്. പരിശുദ്ധമായ തൗഹീദിന്റെ സമ്പൂർണ്ണതയിലേക്ക് ജനങ്ങളെ കൈപിടിച്ച് പൂർണ്ണ തൗഹീദിലായി ചിരിച്ച് മരിക്കാൻ അവരെ പാകപ്പെടുത്തുകയാണ് ഞാൻ ചെയ്യുന്നത്. എന്റെ യഥാർത്ഥ മുരീദുമാർ മരിക്കുന്നത് ശ്രദ്ധിച്ചാൽ ഈ സത്യം ആർക്കും ബോധ്യപ്പെടും. ഇക്കാര്യം വ്യക്തമായി കണ്ടിട്ടും പുറംതിരിഞ്ഞ് ദുനിയാവിനായി മാറിനിൽക്കുന്നവർ അപകടത്തിലേക്കാണ് പോകുന്നതെന്ന് അവരെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്."

ഈ വിളിയാളം നാം കേൾക്കാതെ പോകരുത്. നിഷേധാത്മക നിലപാട് സ്വീകരിക്കരുത്. അമ്പിയാക്കൾ ഈ സമൂഹത്തിലേക്ക് വന്ന് പ്രബോധനപ്രവർത്തനങ്ങൾ തുടങ്ങിയപ്പോൾ ധാരാളം

ജനങ്ങൾ സ്വീകരിച്ചുവെന്നതും അതിലേറെയാളുകൾ എതിർത്തു വെന്നതും ചരിത്രമാണ്. വിശുദ്ധ ഖുർആൻ തന്നെയാണത് സാക്ഷ്യ പ്പെടുത്തുന്നത്. എന്തിനേറെ പറയുന്നു മുഴുവൻ അമ്പിയാക്കളുടെ യും നേതാവായ തിരുനബി(സ) അവിടുത്തെ നാൽപ്പതാം വയസിൽ അല്ലാഹുവിന്റെ ഉത്തരവ് പ്രകാരം ജനങ്ങളെ ഈ വിശുദ്ധ മാർഗ്ഗ ത്തിലേക്ക് ക്ഷണിച്ചപ്പോൾ ബന്ധുക്കളും കൂട്ടുകാരുമടങ്ങുന്ന പലരും ആ ക്ഷണം നിരാകരിച്ചു എന്തായിരുന്നു കാരണം?

അവർ ഇതുവരെ അനുഷ്ഠിച്ച് പോന്നിരുന്ന ആചാര ങ്ങൾക്കെതിരെയും ശരിയാണെന്ന് വിശ്വസിച്ചിരുന്ന ആദർശ ങ്ങൾക്കെതിരെയും പ്രവാചകൻ നിർഭയം ശബ്ദിച്ചു. അതിനാൽ അവിടുത്തേക്ക് ശത്രുക്കളുണ്ടായി. കള്ളങ്ങൾ പ്രചരിപ്പിച്ചു. കുട്ടിക ളെക്കൊണ്ട് കല്ലെറിയിച്ചു. ഭ്രാന്തൻമാരെക്കൊണ്ട് കൂകി വിളിപ്പിച്ചു. സർവ്വാദരണീയനായി ജീവിച്ച് പോന്നിരുന്ന കളങ്കമേശാത്ത പ്രകൃ തക്കാരനായ സദാ പുഞ്ചിരി തൂകുന്ന ഒരു നേതാവിനെ ശത്രുക്കൾ മർദ്ദിക്കുന്നതും കല്ലെറിയുന്നതും കൂകിവിളിക്കുന്നതും ഒന്ന് സങ്കൽപ്പിച്ചു നോക്കൂ. അതും ഒരു സാധാരണ നേതാവിനെയല്ല. സൽസ്വഭാവിയും സത്യസന്ധനുമായി അവർക്കിടയിൽ നീണ്ട നാൽപ്പത് വർഷം ജീവിച്ച ഒരു മഹാമനീഷിയെയാണിത്.

ഇത് അല്ലാഹുവിന്റെ ഒരു ചര്യയാണ്. അവരുടെ താവഴി യിൽ വരുന്ന മുഴുവൻ ഔലിയാക്കൾക്കും ഇത് ബാധകവുമാണ്. മഹാൻമാരായ മുൻകാല ഔലിയാക്കൾക്കെതിരിലും അവരുടെ കാലത്ത് ശബ്ദമുയർന്നിട്ടുണ്ട്, തീരുമാനമെടുത്തിട്ടുണ്ട്. സൂഫിക ളുടെ നേതാവെന്ന് അറിയപ്പെട്ട ജുനൈദുൽ ബഗ്ദാദി(റ), അബൂയസീദുൽ ബിസ്താമി(റ), മുഹ്യിദ്ദീൻശൈഖ്(റ), രിഫാഈശൈഖ്(റ), മദ്ഹബുകളുടെ നാല് ഇമാമുകൾ, ഇമാം ഗസാ ലി(റ), ഇബ്നുഅറബി(റ), ദുന്നൂനുൽമിസ്രി(റ),അബൂസഈദിനിൽ ഖർറാസ്(റ), സഹ്ലുബ്നു അബ്ദില്ലാഹിത്തുസ്തരി(റ), ഹകീമു ത്തുർമുദി(റ), ശൈഖ് അബൂക്കർ നാബുൽസി(റ), മൻസൂർഹല്ലാ

ജ്(റ) തുടങ്ങി സർവ്വ ഔലിയാക്കൾക്കുമെതിരെ അക്കാലത്തെ ബാഹ്യപണ്ഡിതർ തീരുമാനമെടുത്തിട്ടുണ്ട്. അതൊന്നും ആ മഹാരഥർ ഇസ്ലാമിനെ എതിർത്തതു കൊണ്ടല്ല. മുസ്ലിംകളെത്തന്നെ നേരായ വഴിയിലേക്ക് ക്ഷണിച്ചതു കൊണ്ടും അതുവരെ അവർക്ക് അപരിചിതമായിരുന്ന ചില സത്യങ്ങൾ തുറന്ന് പറഞ്ഞതുകൊണ്ടുമായിരുന്നു. അവരുടെ വിയോഗ ശേഷം മാത്രമാണ് മഹാരഥൻമാരും ഔലിയാക്കളും ഖുത്ബുമൊക്കെയായി അവരെ സമൂഹം അംഗീകരിച്ചത്.

ഈ ഒരു യാഥാർത്ഥ്യം ജനങ്ങൾ മനസിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ ആരാധനകളിൽ ഭയഭക്തി കിട്ടുന്നില്ലെന്നത് വസ്തുതയല്ലേ? നമ്മുടെ ദിക്റുകൾക്കോ ഖുർആൻ പാരായണത്തിനോ നമ്മെ സമാധാനത്തിലാക്കാൻ കഴിയുന്നില്ലെന്നത് പരമയാഥാർത്ഥ്യമല്ലേ? ദുർവിചാരങ്ങളിൽ നിന്നും ദുഷ്കർമ്മങ്ങളിൽ നിന്നും തടയേണ്ട നിസ്കാരങ്ങളടക്കമുള്ള നമ്മുടെ ഇബാദത്തുകൾക്ക് നമ്മെ അവയിൽ നിന്ന് തടയാൻ സാധിക്കുന്നില്ലെന്നത് ഒരു തികഞ്ഞ യാഥാർത്ഥ്യമല്ലേ? മുൻഗാമികൾക്കുണ്ടായിരുന്ന, നമ്മുടെ പിതാക്കൾക്കും പ്രപിതാക്കൾക്കുമുണ്ടായിരുന്ന ആവേശവും ചങ്കൂറ്റവും നമുക്കില്ലാതെ പോയിട്ടുണ്ടെന്ന് നാം പലപ്പോഴും ഒറ്റക്കിരിക്കുമ്പോൾ ആലോചിക്കാറില്ലേ?

എന്നാൽ ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരമായിട്ടാണ് ഇന്നുള്ള പണ്ഡിതർക്കും സൂഫി വര്യൻമാർക്കും ഔലിയാക്കൾക്കുമിടയിൽ ഒരു ഉന്നത താരം പ്രോജ്വലിച്ച് നിൽക്കുന്നത്. ഇസ്ലാംകാര്യങ്ങളിലെ അവസാനത്തെ നാല് കാര്യങ്ങളും നേരാംവണ്ണം നിർവ്വഹിക്കാൻ കഴിയണമെങ്കിൽ ഒന്നാം കാര്യമായ ശഹാദത്ത് കലിമകളിൽ ഒരു ശൈഖുമായി ബൈഅത്ത് ചെയ്യൽ മാത്രമേ അതിന് മാർഗ്ഗമുള്ളൂ എന്ന് ശൈഖുനാ നിർഭയം വിളിച്ച് പറയുന്നു. തിരുനബി(സ)യുടെയും മഹാൻമാരായ മുൻകാല ശൈഖുമാരുടെയും സമ്മതപ്രകാരം നിങ്ങളെ വഴിനടത്താൻ വന്നവനാണ്

ഞാനെന്നും എന്നെ വന്ന് ബൈഅത്ത് ചെയ്യുക എന്നും മഹാന വർകൾ ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നു.

അവിടുത്തെ അവസ്ഥ അറിയാത്ത ചിലർ മേൽ പ്രഖ്യാപ നങ്ങളെ പുഛിച്ച് തള്ളുന്നു. മറ്റു ചിലർ സത്യം മനസിലാക്കിയിട്ടും ഇതുവരെ താൻ നിലകൊണ്ട സ്ഥാനവും നേടിയെടുത്ത അംഗീകാ രവും മറ്റൊരാൾക്ക്  മുമ്പിൽ അടിയറവെക്കാൻ മടിക്കുന്നു. അല്ല ാഹുവിന്റെ ഭാഗത്ത്  നിന്നുള്ള പ്രത്യേകമായ പരിഗണന ലഭിച്ച ഭാഗ്യശാലികൾ അവിടുത്തെ തൃക്കരം പിടിച്ച് ബൈഅത്ത് ചെയ്യു ന്നു.

കഴിവിന്റെ പരമാവധി ദീനീചിട്ടകൾക്കനുസൃതമായി ജീവി ക്കുമെന്ന പ്രതിജ്ഞയോടെ മടങ്ങുന്നു. നമ്മുടെ ഹലാലായ കച്ചവ ടവും കൃഷിയും ജോലിയുമെല്ലാം നില നിർത്തി ജീവിക്കാനുദ്ദേശി ക്കുന്നവർക്ക് ഒരു സാധാരണ മുഅ്മിനായി മരിക്കാനുള്ള വഴികൾ പറഞ്ഞ് തരുന്നു. പുറമെ, എല്ലാം മാറ്റിവെച്ച് ഉന്നത സ്ഥാനീയനായ മുഅ്മിനാവാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള മാർഗ്ഗവും പറഞ്ഞ് കൊടുക്കുന്നു.

സാധാരണഗതിയിൽ നൂറ് ദിക്റ് പോലും ചൊല്ലാൻ ഏറെ പ്രയാസപ്പെട്ടിരുന്നവർക്ക് ലക്ഷങ്ങൾ ചൊല്ലാൻ പ്രയാസമില്ലാതെ വരുന്നു. കൽപനകൾ അനുസരിച്ച് ആഖിറം കൊതിച്ച് ജീവിക്കു ന്നവർക്ക് ഉയർച്ച നൽകുന്നു. ഉന്നത സ്ഥാനങ്ങൾ എത്തിപ്പിടിക്കാൻ അതുദ്ദേശിച്ചവർക്ക് മഹാനവർകൾ നിർദ്ദേശം നൽകുന്നു.

ഔലിയാക്കൾ പരീക്ഷിക്കുമെന്നും അതിൽ ഓരോ മുരീദും വിജയിക്കുകയാണ്  വേണ്ടതെന്നും അറിഞ്ഞിട്ടും മുരീദായ തന്നെ സംശയിപ്പിക്കുന്ന ചില അപശബ്ദങ്ങൾ ചില കോണുകളിൽ നിന്ന് കേൾക്കുമ്പോൾ അവ വെറും അപശബ്ദങ്ങളാണെന്ന് മനസിലാ ക്കാതെ ശൈഖിനെതിരെ തിരിഞ്ഞവരും ഇല്ലാതില്ല. തക്കം പാർത്ത് നിൽക്കുന്ന ചെകുത്താൻ ഈ വാർത്ത കാതുകളിലേക്ക് പടർത്തു ന്നു. പിന്നീട് യാഥാർത്ഥ്യം ബോധ്യപ്പെടുമ്പോൾ ചിലർ മടങ്ങിവരു

ന്നു. ഭാഗ്യദോഷികളായ വേറെ ചിലർ അന്തിച്ച് നിൽക്കുന്നു.

ഇതെല്ലാം മുൻകാല ചരിത്രത്തിന്റെ ആവർത്തനം മാത്രമാണ്. ഇത്തരം സംഭവങ്ങൾ ചരിത്രത്തിലുടനീളം കാണാവുന്നതുമാണ്. ഔലിയാക്കളുടെ നേതാവായ ഖുതുബിനെപ്പോലും അന്നത്തെ ജനങ്ങൾ പിരഹസിക്കുകയും വിമർശിക്കുകയും ചെയ്യുമെന്നത് ഒരു വസ്തുതയാണ്.

ബഹുമാനപ്പെട്ട സയ്യിദ് ഇസ്മാഈലുൽ ഗിർബാനി(റ) പറയുന്നു:

وقد يكون القطب بين أظهرنا ولا يغفره
الا من رزق العناية من الله ولا يقدر
على الوصول اليه ومعرفته اليه الا من احبه
الله لأنه سره المكنون وكنزه المخبو
ورمزه الأعلى وربما ازدراه الناس واستحقروه
وهم لا يعلمون منزلته عند الله ومكانته(نفس الرحمن)

“കാലത്തിന്റെ ഖുത്ബ് ചിലപ്പോൾ നമുക്കിടയിൽ തന്നെയുണ്ടാവും. അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് പ്രത്യേക പരിഗണന കിട്ടിയവർക്കല്ലാതെ അവരെ മനസിലാക്കാനാവുകയില്ല. അല്ലാഹുവിന്റെ സ്നേഹത്തിന് പാത്രീഭവിച്ചവനല്ലാതെ ആ മഹാനിലേക്ക് എത്തിച്ചേരാനോ അവരെ ഉൾകൊള്ളാനോ സാധിക്കില്ല. കാരണം അദ്ദേഹം അല്ലാഹുവിന്റെ രഹസ്യമാണ്. അല്ലാഹുവിനെ മനസിലാക്കാൻ പാകപ്പെട്ട മറഞ്ഞുകിടക്കുന്ന നിധിയുമാണ്. അല്ലാഹുവിലേക്കുള്ള ഉന്നതനായ സൂചകവുമാണ്. ചിലപ്പോൾ അദ്ദേഹത്തെ ജനങ്ങൾ നിസാര വൽക്കരിക്കും, പരിഹസിക്കും, ചെറുതായിക്കാണും. അല്ലാഹുവിന്റെ അടുക്കൽ മഹാനവർകൾക്കുള്ള സ്ഥാനം ഇവർക്കറിയില്ലതാനും.”(നഫസുർറഹ്മാൻ-25)

എന്നാൽ മഹാനവർകൾക്കെതിരെ ഉന്നയിക്കപ്പെടുന്ന സർവ്വ ആരോപണങ്ങൾക്കുമുള്ള മറുപടികൾ പുസ്തകങ്ങളായും സിഡികളും കാസറ്റുകളുമായി ഇറങ്ങിയിട്ടുണ്ടെന്നത് ഇവിടെ സ്മരണീയമാണ്. സംശയങ്ങൾ ബാക്കിനിൽക്കുന്നവർക്ക് അവ തീരുന്നത്

വരെ ചോദിച്ച് മനസിലാക്കാൻ ശനി, ചൊവ്വ ദിവസങ്ങളിൽ ഇന്ത്യൻ സമയം രാത്രി 9-30 മുതൽ 11 മണിവരെ ഇന്റർനെറ്റ് ജീലാനി ക്ലാസ്റൂമിൽ അവസരവുമുണ്ട്.

അതിനാൽ നിഷ്പക്ഷമതികളായ മുസ്ലിം സഹോദരൻമാരേ, സുന്നത്ത് ജമാഅത്തിന്റെ പേരിൽ പ്രവർത്തിക്കുന്നവരേ, സൂഫി വര്യൻമാരേ, ഔലിയാക്കളുടെ സ്ഥാനത്തെത്തിയവരേ, നിങ്ങളെ ഞങ്ങൾ ഔലിയാക്കളുടെ രാജാവായ, ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്തി അവർകളുടെ സാന്നിധ്യത്തിലേക്ക് ക്ഷണിക്കുന്നു.

നന്നാകാൻ ഉദ്ദേശിച്ച് നല്ല ഉദ്ദേശ്യത്തോടെ എന്റെ കൈപിടിക്കുന്ന ഒരാൾക്കും നരകശിക്ഷ നൽകരുതെന്ന് അല്ലാഹുവിന്റെ പക്കൽ നിന്ന് ഉറപ്പ് വാങ്ങിയാണ് ഞാൻ വരുന്നതെന്ന അവിടുത്തെ വാക്ക് നിങ്ങൾ അവജ്ഞതയോടെ തള്ളിക്കളയരുത്. ആ തൃക്കരമൊന്ന് പിടിച്ച് നമുക്ക് നന്നാവാം, നന്നായവർക്ക് ഇനിയും പുരോഗമിക്കാം, ഔലിയാക്കളായവർക്ക് ഇനിയും ഉന്നത സ്ഥാനങ്ങൾ കൈവരിക്കാം. മുഹ്യിദ്ദീൻ മാലയിലെ വരികൾ നോക്കൂ,

“പറക്കും വലീയെ പടിക്കൽ തളച്ചോവർ
പറന്നിട്ട് ചെന്നോരെ തൗബ ചെയ്യിച്ചോവർ”

വലിയ കറാമത്ത് കാട്ടി പറന്നുചെന്ന ഔലിയാക്കളെയാണ് ശൈഖ്ജീലാനി(റ) വീഴ്ത്തിയിട്ടതും തൗബ ചെയ്യിച്ചതുമൊക്കെ. അതുകൊണ്ട് അത്ഭുതങ്ങളും കറാമത്തുകളും കാട്ടി ജനശ്രദ്ധ പിടിച്ചുപറ്റി ജീവിക്കുന്ന ഔലിയാക്കളെ ബോധപൂർവ്വം തന്നെയാണ് ഞങ്ങൾ മഹാനവർകളിലേക്ക് ക്ഷണിക്കുന്നത്. നിങ്ങൾക്കുള്ള കുറവുകൾ അവിടുന്ന് നീക്കിത്തരും. ഇസ്ലാം കാര്യങ്ങളിൽ ഒന്നാം സ്ഥാനത്തിരിക്കുന്ന പരിശുദ്ധമായ കലിമതുത്തൗഹീദ് ഒരു യഥാർത്ഥ ശൈഖിൽ നിന്ന് ഏറ്റുവാങ്ങി അല്ലാഹുവിനെയും അവന്റെ റസൂൽ തിരുമേനി(സ) തങ്ങളെയും അറിഞ്ഞും ഓർത്തും ജീവിക്കാൻ നാഥൻ അനുഗ്രഹിക്കട്ടെ

ഖാദിരിയ്യ, രിഫാഇയ്യ, ഖിള്രിയ്യ, ചിശ്തിയ്യ, നഖ്ശബന്ധിയ്യ, ശാദുലിയ്യ എന്നീ ആറ് ത്വരീഖതുകളുടെ ശൈഖുമാരിൽ നിന്ന് ആറു തരം ഖിലാഫത്ത് (ദിക്ർ നൽകാനുള്ള സമ്മതാധികാരം) കിട്ടിയതിന് ശേഷമാണ് തൃപ്തിയടയാതെ തന്റെ ചെറുപ്പ കാലത്ത് ബാഗ്ദാദിൽ ചെന്ന സമയത്ത് ഔലിയാക്കളുടെ നേതാവ് മഹാനായ മുഹ്യിദ്ദീൻശൈഖ്(റ)വിന്റെ “നീ കരാർ പുതുക്കുക” എന്ന കൽപ്പനയുടെ പൊരുളറിയാൻ കാലങ്ങൾ അന്വേഷിച്ച് നടന്ന് അവസാനം ഏഴാമതായി ഖാദിരിയ്യ ത്വരീഖത്തിലെത്തന്നെ പൂർണ്ണവഴി പൂനെയിലെ ശൈഖ് മദാർശാഹ് ഖാദിരി(റ)വിൽ നിന്നും അതിന്റെ ഖിലാഫത്ത് കർണ്ണാടകയിലെ വാഡിയിൽ അന്ത്യവിശ്രമം കൊള്ളുന്ന മഹാനായ മുഹമ്മദ് ബാദുഷാഹ് യമനി(റ)യിൽ നിന്നും കിട്ടിയ ശേഷം അതനുസരിച്ച് ഇബാദത്തിലായി ഒഴിഞ്ഞിരിക്കാമെന്ന് തീരുമാനിച്ചിരിക്കുമ്പോൾ ശൈഖുമാരുടെ നിർബന്ധപ്രകാരമാണ് അവിടുന്ന് ജനമധ്യത്തിലേക്കിറങ്ങിയത്.

ആത്മാക്കളുടെ ലോകത്ത് വെച്ച് അല്ലാഹുവുമായി നാം ചെയ്ത കരാർ ഇവിടെ വെച്ച് പുതുക്കാൻ വേണ്ടി എല്ലാ ആളുകളെയും ഔലിയാക്കളെയും ഞാൻ ക്ഷണിക്കുന്നു എന്ന് അവിടുന്ന് പരസ്യമായി പല തവണ പ്രഖ്യാപിച്ചു.

കറാമത്തുകൾ കാണിച്ച് നടന്നിരുന്ന, തന്നിലൂടെ വെളിപ്പെടുന്ന അത്ഭുതങ്ങളിൽ ആശ്വാസം കണ്ട് നടന്നിരുന്ന പല വിശിഷ്ടരും ഇതിനകം മഹാനവർകളെ വന്നുകണ്ട് ബൈ അത്ത് ചെയ്തു. നിർദ്ദേശങ്ങൾ സ്വീകരിച്ച് മടങ്ങി. ചിലർ രഹസ്യമായി, വേറെ ചിലർ പരസ്യമായി. പരീക്ഷിക്കാൻ വേണ്ടി വന്നവർക്ക് സത്യം മനസിലാക്കിക്കൊടുത്തു.

കുരുട്ടു ബുദ്ധിയുമായി വന്നവർക്ക് ഇളിഭ്യരായി മടങ്ങേണ്ടി വന്നു. സത്യം ബോധ്യപ്പെട്ടിട്ടും ഒരാൾക്ക് കീഴ്പെട്ടുകൊടുക്കേണ്ടിവരുമെന്നതിനാൽ സ്വീകരിക്കാൻ വൈമനസ്യം കാണിച്ചവരും ഇല്ലാതില്ല.

അതുകൊണ്ട് പ്രിയസഹോദരാ, നിങ്ങൾക്കു വരാം. നല്ല ഉദ്ദേ

ശ്യത്തോടെ ആ കൈ പിടിക്കാം. നമ്മുടെ ഇബാദത്തുകൾ മുഴുവൻ കാൻസർ കണക്കെ കാർന്നുതിന്നുന്ന അഹങ്കാരം, അസൂയ, പക പോലുള്ള ആന്തരിക രോഗങ്ങൾക്കുള്ള ചികിത്സ തേടാം. പൂർണ്ണ തൗഹീദിൽ ബൈഅത്ത് ചെയ്യാം. വിശ്വാസം ഊട്ടിയുറപ്പിക്കാം. നിസ്കാര നോമ്പാദി സൽക്കർമ്മങ്ങളെ ഭയഭക്തിയും ആത്മാ ർത്ഥതയും ഉള്ള താക്കാം. നാഥൻ തുണക്കട്ടെ!